പുസ്തകം 1. ലക്കം 3.

ജൂലായ് - സെപ്തംബർ 2012

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712

shripuramtrust@yahoo.co.in.
www.shripuram.org

# വിഷയവിവരം

1. ശ്രീനൃസിംഹപഞ്ചാമൃതസ്തോത്രം

2

2. ലളിതാസഹസ്രനാമം വ്യാഖ്യാനം

5

3. സംസ്കൃതപഠനം

9

4. പെൺകുട്ടികളെല്ലാം
മനോരോഗികളോ?

14

5. ലഗധമുനിയുടെ വേദാംഗജ്യോതിഷം

18

6. തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം

23

7. മാതൃസങ്കല്പവും മഹത്വവും

25

മുഖചിത്രം
ദേവതാ : ധൂമാതാവ്

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# ശ്രീനൃസിംഹപഞ്ചാമൃതസ്തോത്രം

സമ്പാദകൻ : ഡി. പ്രകാശ്

രഘുവരനായ ശ്രീരാമചന്ദ്രൻ എഴുതിയതെന്ന് പറയുന്ന ഈ സ്തോത്രത്തിൽ അഞ്ചു ശ്ലോകങ്ങളാണുള്ളത്.

അഹോബിലം നാരസിംഹം
ഗത്വാ രാമഃ പ്രതാപവാൻ
നമസ്കൃത്വാ ശ്രീനൃസിംഹം
അസ്തൗഷീത് കമലാപതിം

സാരം : അഹോബിലത്തിലുള്ള നരസിംഹമൂർത്തിയുടെ സമീപം എത്തിയ ശ്രീരാമൻ പ്രതാപത്തോടുകൂടിയവനാകുകയും കമലാപതിയായ നരസിംഹമൂർത്തിയെ നമസ്കരിച്ചിട്ട് സ്തുതിക്കുകയും ചെയ്തു.

ശ്രീനൃസിംഹം എന്നതിൽ ശ്രീ എന്ന് ചേർക്കുകയാലും കമലയുടെ പതി എന്ന് വിശേഷിപ്പിക്കുകയാലും ലക്ഷ്മീസമേതനായ നരസിംഹമൂർത്തിയെയാണ് ഇവിടെ സ്തുതിക്കുന്നതെന്ന് മനസ്സിലാക്കാം.

**ശ്ലോകം 1**

ഗോവിന്ദ കേശവ ജനാർദ്ദന വാസുദേവ
വിശ്വേശ വിശ്വ മധുസൂദന വിശ്വരൂപ
ശ്രീപദ്മനാഭ പുരുഷോത്തമ പുഷ്കരാക്ഷ
നാരായണാച്യുത നൃസിംഹ നമോ നമസ്തേ.

സാരം : ഗോവിന്ദൻ, കേശവൻ എന്നിങ്ങനെ പന്ത്രണ്ട് നാമങ്ങളാൽ സംബോധന ചെയ്തുകൊണ്ട് നമസ്കാരമർപ്പിക്കുന്നു. ഹേ നൃസിംഹമൂർത്തേ അങ്ങേയ്ക്ക് നമസ്കാരം.

**ശ്ലോകം 2**

ദേവാഃ സമസ്താഃ ഖലു യോഗിമുഖ്യാ
ഗന്ധർവവിദ്യാധരകിന്നരാശ്ച
യത് പാദമൂലം സതതം നമന്തി
തം നാരസിംഹം ശരണം ഗതോസ്മി

സാരം : എല്ലാ ദേവന്മാരും പരമയോഗിമാരും ഗന്ധർവന്മാരും വിദ്യാധരന്മാരും കിന്നരന്മാരും യാതൊരാളുടെ കാലിണകളെയാണോ എപ്പോഴും വണങ്ങുന്നത് ആ നരസിംഹമൂർത്തിയെ ഞാൻ ശ

രണം പ്രാപിക്കുന്നു.

**ശ്ലോകം 3**

വേദാൻ സമസ്താൻ ഖലു ശാസ്ത്രഗർഭാൻ
വിദ്യാബലേ കീർത്തിമതീം ച ലക്ഷ്മീം
യസ്യ പ്രസാദാത് സതതം ലഭന്തേ
തം നാരസിംഹം ശരണം ഗതോ/സ്മി

സാരം : യാതൊരാളുടെ അനുഗ്രഹത്താലാണോ വേദങ്ങളിൽ പറഞ്ഞിരിക്കുന്ന അറിവുകളും ശാസ്ത്രങ്ങളുടെ അന്തഃസത്തയും മറ്റു വിദ്യകളും മനോവാക്ബലങ്ങളും കീർത്തിയോടുകൂടിയ ധനാദി സർവൈശ്വര്യങ്ങളും ലഭിക്കുന്നത് അങ്ങനെയുള്ള നരസിംഹമൂർത്തിയെ ഞാൻ ശരണം പ്രാപിക്കുന്നു.

**ശ്ലോകം 4**

ബ്രഹ്മാ ശിവസ്ത്വം പുരുഷോത്തമശ്ച
നാരായണോസൗ മരുതാം പതിശ്ച
ചന്ദ്രാർക്കവായ്വഗ്നിമരുദ്ഗണാശ്ച
ത്വമേവ തം ത്വാം സതതം നതോസ്മി

സാരം : ബ്രഹ്മാവും ശിവനും പുരുഷോത്തമനും അവിടുന്നാണ്. ഈ നാരായണനാണ് മരുത്തുക്കളുടെ പതിയും. ചന്ദ്രൻ, സൂര്യൻ, വായു, അഗ്നി, മരുദ് ഗണങ്ങൾ അങ്ങനെ ലോകത്തുള്ള എല്ലാ ദിവ്യതത്ത്വങ്ങളും അവിടുന്നാണ്. ആ അവിടുത്തെ എപ്പോഴും നമിക്കുന്നു.

**ശ്ലോകം 5**

സ്വപ്നേപി നിത്യം ജഗതാം ത്രയാണാം
സ്രഷ്ടാ ച ഹന്താ വിഭുരപ്രമേയഃ
ത്രാതാ ത്വമേകസ്ത്രിവിധോ വിഭിന്നഃ
തം ത്വാം നൃസിംഹം സതതം നതോസ്മി

സാരം : മൂന്നു ലോകങ്ങളുടെയും സൃഷ്ടിസ്ഥിതിസംഹാരങ്ങൾ എപ്പോഴും നടത്തിക്കൊണ്ടിരിക്കുന്ന അങ്ങ് സർവ്വവ്യാപിയും തുലനം ചെയ്യാൻ പറ്റാത്തവനുമാണ്. ഒരാളായ അവിടുന്നുതന്നെയാണ് സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുവാൻ മൂന്നു രൂപങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള അവിടുത്തെ എപ്പോഴും നമിക്കുന്നു.

ഇതി സ്തുത്വാ രഘുശ്രേഷ്ഠഃ, പൂജയാമാസ തം വിഭും
പുഷ്പവൃഷ്ടിഃ പപാതാശു, തസ്യദേവസ്യ മൂർധനി
സാധു സാധ്വിതി തം പ്രോചുഃ ദേവാ ഋഷിഗണൈസ്സഹ

സാരം : ഇപ്രകാരം സ്തുതിച്ചിട്ട് രഘുശ്രേഷ്ഠനായ ശ്രീരാമൻ ▸▸

സർവ്വവ്യാപിയായ ആ നരസിംഹമൂർത്തിയെ പൂജിച്ചു. ശ്രീരാമ ദേവന്റെ ശിരസ്സിൽ ഉടൻ പൂമഴ ഉണ്ടാവുകയും ചെയ്തു. കൊള്ളാം കൊള്ളാമെന്ന് ദേവന്മാർ ഋഷിസമൂഹത്തോട് ഒപ്പം ശ്രീരാമനോട് പറയുകയും ചെയ്തു.

ദേവാ ഊചുഃ :-

രാഘവേണ കൃതം സ്തോത്രം
പഞ്ചാമൃതമനുത്തമം
പഠന്തി യേ ദ്വിജവരാഃ
തേഷാം സ്വർഗസ്തു ശാശ്വതഃ

ദേവന്മാർ പറഞ്ഞു : യാതൊരു ബ്രാഹ്മണശ്രേഷ്ഠരാണോ രാഘവനാൽ എഴുതപ്പെട്ട അത്യുത്തമമായ ഈ പഞ്ചാമൃതസ്തോത്രം പഠിക്കുന്നത് അവർക്ക് ശാശ്വതമായ സ്വർഗ്ഗം (മോക്ഷം) ലഭിക്കുന്നതാണ്. ◆

## തന്ത്രഗ്രന്ഥങ്ങളുടെ മൂന്നു വിഭാഗങ്ങൾ

തന്ത്രഗ്രന്ഥങ്ങളെ ദേശഭേദാനുസാരേണ സാധാരണ മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വിഷ്ണുക്രാന്താ, രഥക്രാന്താ, അശ്വക്രാന്താ അഥവാ ഗജക്രാന്താ എന്നിവയാണവ.

ശക്തിമംഗള തന്ത്രമനുസരിച്ച് വിഷ്ണുക്രാന്താ വിന്ധ്യപർവ്വതം തുടങ്ങി ചിറ്റഗോഗ് വരെ വ്യാപിച്ചിരിക്കുന്നു. ബംഗാൾ ഉൾപ്പെടുന്ന ദേശമാണ് ഇത്. രഥക്രാന്താ വിന്ധ്യപർവ്വതം തുടങ്ങി നേപ്പാൾ ഉൾപ്പെടെ മഹാചീനാവരെ വ്യാപിച്ചിരിക്കുന്നു. അശ്വക്രാന്താ അല്ലെങ്കിൽ ഗജക്രാന്താ വിഭാഗത്തിൽപ്പെട്ട തന്ത്രഗ്രന്ഥങ്ങൾ വിന്ധ്യപർവ്വതം തുടങ്ങി ഇന്ത്യൻ മഹാസമുദ്രംവരെ വ്യാപിച്ചിരിക്കുന്നു. ഇന്ത്യയുടെ മുഴുവൻ ഭാഗങ്ങളും ഇതിൽ ഉൾപ്പെടുന്നതായി കണക്കാക്കാം.

മഹാസിദ്ധസാരതന്ത്രമനുസരിച്ച് അശ്വക്രാന്താ കരടോയ നദി തുടങ്ങി (ദിനാച്പൂർ ഭാഗം) ജാവവരെ വ്യാപിച്ചുകിടക്കുന്നു. ഈ മൂന്നു വിഭാഗങ്ങളിലും വരുന്ന ഗ്രന്ഥങ്ങൾ പരസ്പരം മാറിയും ആവർത്തിച്ചും വരുന്നതായി കാണുന്നുണ്ട്.* വിഷ്ണുക്രാന്താതന്ത്രവിഭാഗത്തിൽ കാളീതന്ത്രം, കുളാർണ്ണവം, ജ്ഞാനാർണ്ണവം തുടങ്ങി 64 തന്ത്രഗ്രന്ഥങ്ങൾ ഉൾപ്പെടുന്നു.

രഥക്രാന്താവിഭാഗത്തിൽ ചിൻമയതന്ത്രം, പഞ്ചദശീതന്ത്രം, ദക്ഷിണാമൂർത്തി തന്ത്രം തുടങ്ങി 64 തന്ത്രങ്ങളും അശ്വക്രാന്താ (ഗജക്രാന്താ) വിഭാഗത്തിൽ ഭൂതശുദ്ധി, ഗുപ്തദീക്ഷാബൃഹൽസാരം തുടങ്ങി 64 തന്ത്രഗ്രന്ഥങ്ങളും ഉൾപ്പെടുന്നതായി പണ്ഡിതശ്രേഷ്ഠനായിരുന്ന ശ്രീ ഇ.വി. രാമൻനമ്പൂതിരി തന്ത്രസമുച്ചയത്തിന്റെ അവതാരികയിൽ ഉദ്ധരിച്ചു കാണുന്നുണ്ട്.

* Principles of Tantra Part 1, Sir John Woodroffe, p. 72-74

# ലളിതാസഹസ്രനാമം വ്യാഖ്യാനം - 3

എൽ. ഗിരീഷ്കുമാർ

## സമർപ്പണ മനോഭാവം

പ്രപഞ്ചത്തിന്റെ ആകർഷണമെന്ന അടിസ്ഥാനസ്വഭാവത്തെ കാണിക്കുന്ന രാഗമാകുന്ന കയറെന്ന ആയുധം ദേവിയുടെ ഒരു കയ്യിലും പ്രപഞ്ചത്തിന്റെ വികർഷണമെന്ന അടിസ്ഥാനസ്വഭാവത്തെ കാണിക്കുന്ന ക്രോധമാകുന്ന തോട്ടിയെന്ന ആയുധം ദേവിയുടെ വേറൊരു കയ്യിലുമാണെന്ന് നമ്മൾ കണ്ടു. ദേവിയുടെ വേറൊരു കയ്യിലുള്ള അമ്പുകൾ പഞ്ചതന്മാത്രകളാകുന്നു. മുൻപ് വിസ്തരിച്ചതായ ആ അഞ്ചു തന്മാത്രകളും ബാഹ്യപ്രപഞ്ചത്തെ സൂചിപ്പിക്കുന്നു. പഞ്ചഭൂതങ്ങളിൽനിന്നാണല്ലോ ഈ പ്രപഞ്ചമുണ്ടായത്. ദേവിയുടെ നാലാമത്തെ കയ്യിൽ പ്രപഞ്ചത്തെ അറിയുവാനുള്ള ഉപകരണങ്ങളുടെ ഉൽപത്തിസ്ഥാനമായ മനസ്സാകുന്ന കരിമ്പുവില്ലുണ്ട്. കരിമ്പുവില്ലും (പ്രപഞ്ചത്തെ അറിയാനുള്ള ഉപകരണങ്ങളുടെ സ്രോതസ്സായ മനസ്സും) പഞ്ചസായകങ്ങളും (പ്രപഞ്ചോൽപത്തിയുടെ കാരണഭൂതമായ പഞ്ചതന്മാത്രകളും) ഒരുമിച്ചുചേർത്ത് അതിനെ തൊടുക്കണം. അപ്പോഴെ പ്രപഞ്ചം ദൃശ്യമാകുകയുള്ളൂ. ഇപ്രകാരമുള്ള കരിമ്പുവില്ലും പഞ്ചസായകങ്ങളുമുപയോഗിച്ച് പ്രപഞ്ചം ദൃശ്യമാക്കുകയും കയറും തോട്ടിയുമുപയോഗിച്ച് ദൃശ്യമാക്കിയ പ്രപഞ്ചത്തിൽ ആകർഷണവികർഷണങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നതുകൊണ്ട് ദേവിയാണ് പ്രപഞ്ചത്തിന്റെ ചാലകശക്തി. ഈ തത്ത്വം മനസ്സിലാക്കിയ മഹർഷീശ്വരന്മാർ ഇപ്രകാരം പാടി -

"ജാനാമി ധർമ്മം ന ച മേ പ്രവൃത്തിഃ
ജാനാമ്യധർമ്മം ന ച മേ നിവൃത്തിഃ
ത്വയാ ഹൃഷീകേശ ഹൃദി സ്ഥിതോഹം
യഥാ നിയുക്തോ തഥാ കരോമ്യഹം"

ഇതിന്റെ സാരം ഇങ്ങനെയാണ്-

ധർമ്മം എന്താണെന്ന് നന്നായിട്ടറിയാം. എന്നാൽ പ്രവൃത്തിക്കാൻ സാധിക്കുന്നില്ല. അധർമ്മം എന്താണെന്ന് നന്നായിട്ടറിയാം അതിൽനിന്ന് പിൻമാറാൻ സാധിക്കുന്നില്ല. അതിനെപ്പറ്റി അന്വേഷിച്ചപ്പോൾ മനസ്സിലായ കാര്യമിതാണ്. അവിടുത്തെ നിർദ്ദേശമനുസരിച്ചാണ് ഞാൻ പ്രവൃത്തിക്കുന്നത്.

രാഗസ്വരൂപപാശാഢ്യാ, ക്രോധാകാരാങ്കുശോജ്ജ്വലാ, മനോരൂപേക്ഷുകോദണ്ഡാ, പഞ്ചതന്മാത്രസായകാ എന്നീ നാലുനാമങ്ങളുടെ അർത്ഥവ്യാപ്തി കൃത്യമായി മനസ്സിലാക്കിക്കഴിഞ്ഞാൽ വേറെ ഒന്നും ചെയ്യാനില്ല. നമ്മുടെ ഓരോ പ്രവൃത്തിയേയും നിയന്ത്രിക്കുന്നത് ദേവിയാണ്. ഇത് നമ്മളെ സമർപ്പണമനോഭാവത്തിലേയ്ക്ക് എത്തിയ്ക്കുന്നു.

നിജാരുണപ്രഭാപൂരമജ്ജദ്ബ്രഹ്മാണ്ഡമണ്ഡലാ = സ്വന്തം അരുണനിറശോഭയാൽ മുഴുവൻ ബ്രഹ്മാണ്ഡത്തെയും പൂർണ്ണമാക്കുകയും മുക്കുകയും ചെയ്യുവൾ.

വിശേഷാർത്ഥം : സ്വന്തം പ്രവൃത്തിയാൽ ഈ പ്രപഞ്ചത്തെ മുഴുവൻ പൂരിതമാക്കിയവൾ.

**സ്വന്തം അരുണനിറശോഭയാൽ മുഴുവൻ ബ്രഹ്മാണ്ഡത്തെയും പൂർണ്ണമാക്കുകയും മുക്കുകയും ചെയ്യുവൾ.**

കൈകളും അവകളിലെ ആയുധങ്ങൾക്കുംശേഷം കാണാൻ പോകുന്നത് ദേവിയുടെ നിറമാണ്. തന്നിൽനിന്ന് വ്യതിരിക്തമല്ലാതിരിക്കുന്നത് യാതൊന്നാണോ അതാണ് നിജം. ദേവിയേയും ഈ അരുണനിറത്തേയും വേർതിരിച്ച് പറയുവാൻ സാധിക്കില്ല എന്നു സാരം. ദേവിയുടെ ദേഹത്തിൽനിന്ന് ഈ അരുണപ്രകാശം വമിക്കുകയാണ്. ഈ അരുണപ്രകാശംകൊണ്ട് ഇക്കാണുന്ന പ്രപഞ്ചം മുഴുവൻ മൂടുന്നു. ചുവന്ന ലൈറ്റിന്റെ പ്രകാശത്തിൽ മുങ്ങിയിരിക്കുന്ന മുറിയിലെ വസ്തുക്കൾ എന്നപോലെ ദേവിയിൽനിന്ന് പുറപ്പെടുന്നതായ ചുവന്ന പ്രകാശത്തിനുള്ളിൽ പ്രപഞ്ചം നിമജ്ജനം ചെയ്യപ്പെടുന്നു എന്ന് സാരം. ഈ അരുണപ്രകാശം സർവ്വത്ര വ്യാപിക്കുകയും പ്രപഞ്ചം മുങ്ങിപ്പോവുകയും ചെയ്യുന്നു.

**1. സ്വന്തം പ്രവൃത്തിയാൽ ഈ പ്രപഞ്ചത്തെ മുഴുവൻ പൂരിതമാക്കിയവൾ**

ശാക്തേയോപനിഷത്തായ ഭാവനോപനിഷത്തിൽ ദേവിയെപ്പറ്റി പറയുന്നത് 'ലൗഹിത്യം തദ്വിമർശഃ' എന്നാണ്. ലൗഹിത്യം എന്നാൽ അരുണനിറം. അരുണനിറം ദേവിയുടെ വിമർശന സ്വഭാവമാണ്. വിമർശനം എന്നു വച്ചാൽ ചിന്തിക്കുക എന്നർത്ഥം. ചിന്തിക്കുക എന്നു വച്ചാൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുക എന്നർത്ഥം. രജോഗുണമായ പ്രവൃത്തിയുടെ നിറമാണ് ചുവപ്പ്. ദേവി ഈ ചുവപ്പുനിറംകൊണ്ട് പ്രപഞ്ചത്തെ നിറയ്ക്കുകയും മൂടുകയും ചെയ്യുന്നു. എന്നുവച്ചാൽ ദേവിയുടെ പ്രവർത്തനംകൊണ്ട് ഈ പ്രപഞ്ചം പൂരിതമാണ് എന്നർത്ഥം. ഈ ബ്രഹ്മാണ്ഡം മുഴുവൻ ദേവിയുടെ പ്രവർത്തനമണ്ഡ

ലമാണ്.

ഈ നാമത്തിന്റെ ഇത്തരത്തിലുള്ള അർത്ഥവ്യാപ്തി ഒരു പ്രത്യേകധ്യാനരീതിയെ ഓർമ്മിപ്പിക്കുന്നു. ശ്രീവിദ്യോപാസനയുടെ അവിഭാജ്യ ഘടകമായ ഒരു ധ്യാനമുണ്ട്. ദേവിയിൽനിന്ന് വമിക്കുന്നതായ ചുവപ്പുനിറം കാണുന്നതായും അതിൽ സ്വയം മുങ്ങിയിരിക്കുന്നതായി ഭാവനചെയ്യുന്നതും ഒരു ധ്യാനമാണ്. ദേവിയുടെ രൂപം കാണാൻ സാധിക്കുന്നില്ലെങ്കിലും ആ ചുവപ്പുനിറം കാണുന്നതായും അതിൽ നിമജ്ജനം ചെയ്യുന്നതായും ഭാവനചെയ്താൽ മതി.

രണ്ടു വ്യക്തികളെ തമ്മിൽ അടുപ്പിക്കണമെന്നുണ്ടെങ്കിൽ ആ രണ്ടു വ്യക്തികളും ദേവിയുടെ ചുവന്ന പ്രകാശത്തിൽ നനഞ്ഞുകുതിർന്നിരിക്കുന്നതായി മനസ്സുകൊണ്ട് കണ്ടുകൊണ്ടിരുന്നാൽ മതി. അതായത് ഭാവന ചെയ്യണം. കുറച്ചു ദിവസങ്ങൾക്കകം ആ രണ്ടു വ്യക്തികൾ തമ്മിൽ അടുക്കും. അടുക്കാൻ ഉപയോഗിക്കുന്നതായ നിറമാണ് ചുവപ്പ്. ദേവിയെ ചുവപ്പുനിറത്തിൽ കാണുകയും ദേവിയിൽ നിന്ന് പുറപ്പെടുന്നതായ ആ ചുവപ്പുനിറത്തിൽ താനുൾപ്പെടുന്ന ഈ മുഴുവൻ ബ്രഹ്മാണ്ഡവും മുങ്ങിയിരിക്കുന്നതായി ഭാവനചെയ്യുകയും ചെയ്താൽ ഇത്തരത്തിലുള്ള ധ്യാനംകൊണ്ട് ഇതുവരെ വ്യത്യസ്തമായി കാണപ്പെട്ടതായ ഈ പ്രപഞ്ചം ഏകമായി തീരുകയും ഞാനും ദേവിയും ഒന്നായിട്ടുള്ള ആ പരമസത്യത്തിലേയ്ക്ക് തന്നെ കൊണ്ടെത്തിക്കുകയും ചെയ്യും. ഈ നാമവും - ശ്രീമാതാ എന്ന നാമത്തിന്റെ അർത്ഥതലത്തിലേയ്ക്ക് - നമ്മളെ കൊണ്ടെത്തിക്കുന്നു. ദേവിയുടെ എല്ലാ നാമങ്ങളും ചുവപ്പിന് പ്രാധാന്യം നല്കുന്നു. സിന്ദൂരാരുണവിഗ്രഹാം... സകുങ്കുമവിലേപനാം... അരുണാം കരുണാതരംഗിതാക്ഷീം... എന്നെല്ലാം തുടങ്ങുന്നതായ ശ്ലോകങ്ങളിലെല്ലാം ദേവിയുടെ അരുണനിറത്തിന് പ്രാധാന്യം നല്കിയിരിക്കുന്നു.

4. ചമ്പകാശോകപുന്നാഗസൗഗന്ധികലസത്കചാ
കുരുവിന്ദമണിശ്രേണീകനത്കോടീരമണ്ഡിതാ

ചമ്പകാശോകപുന്നാഗസൗഗന്ധികലസത്കചാ = ചമ്പകം, അശോകം, പുന്നാഗം തുടങ്ങിയ സുഗന്ധപൂക്കളാൽ വിളങ്ങുന്ന തലമുടിയോടുകൂടിയവൾ

വിശേഷാർത്ഥം - താരകങ്ങളാകുന്ന പൂക്കളാൽ വിലസിക്കുന്നതും ആകാശമാകുന്നതുമായ തലമുടിയോടുകൂടിയവൾ.

## ചമ്പകം, അശോകം, പുന്നാഗം തുടങ്ങിയ സുഗന്ധപൂക്കളാൽ വിളങ്ങുന്ന തലമുടിയോടുകൂടിയവൾ

ആദ്ധ്യാത്മിക സാധന ചെയ്യുന്നയാൾക്ക് ഉണ്ടാകുന്ന ആദ്യ

ത്തെ അനുഭൂതി പ്രകാശദർശനമാണ്. മേല്പത്തൂർ നാരായണഭട്ടതിരിപ്പാട് ശ്രീകൃഷ്ണപരമാത്മാവിനെ ആദ്യമായി കണ്ടത് പ്രകാശമായിട്ടാണല്ലോ. "അഗ്രേ പശ്യാമി തേജോ നിബിഡതരകലായാവലീലോഭനീയം" എന്നത് സ്മർത്തവ്യമാണിവിടെ.

ആദ്യമുണ്ടാകുന്ന അനുഭവം പ്രകാശവും പിന്നീട് ഉണ്ടാകുന്ന അനുഭവം മണവുമാണ്. അത് ഈ നാമത്തിൽ വ്യക്തമാകുന്നു. കൈകളുടെ വർണ്ണന അവസാനിച്ചപ്പോൾ തലമുടിയുടെ വർണ്ണന നടത്തുന്നു. സാധാരണ സ്ത്രീസൗന്ദര്യം വർണ്ണിക്കുമ്പോൾ കേശാദിപാദമായിട്ടും ദേവിമാരെ വർണ്ണിക്കുമ്പോൾ പാദാദികേശമായിട്ടും വേണമെന്നാണ് കവിഭാഷ്യം. എന്നാൽ ഇവിടെ ദേവി ചിദഗ്നികുണ്ഡത്തിൽനിന്ന് ഉയർന്നുവരുന്നതുകൊണ്ട് ദേവിയുടെ തലയെയാണ് ആദ്യം വർണ്ണിക്കുന്നത്.

വ്യത്യസ്ത ഋതുക്കളിൽ ഉണ്ടാകുന്ന ചമ്പകം അശോകം പുന്നാഗം എന്നു തുടങ്ങിയ സുഗന്ധപൂരിതമായ പൂക്കളെക്കൊണ്ട് ദേവിയുടെ മുടി വിളങ്ങുന്നു. ദേവിയുടെ ഇടതൂർന്ന തലമുടി വ്യത്യസ്തപൂക്കളാൽ സുഗന്ധപൂർണ്ണമാണ്. ദേവിയുടെ മുടിയുടെ മണം കാരണമാണോ മുടിയിൽ ചൂടിയ പൂക്കൾ വാസനിക്കുന്നത് അല്ലെങ്കിൽ നേരെ മറിച്ചാണോ എന്ന സൗന്ദര്യലഹരിയിലുള്ള ശങ്കരഭഗവത്പാദരുടെ സംശയം ഇവിടെ സ്മർത്തവ്യമാണ്. ദേവിയുടെ മുടിയ്ക്ക് സ്വതസിദ്ധമായ ഒരു മണമുണ്ട്. ആ മണമാണ് ദേവിയുടെ മുടിയിൽ ചൂടിയിരിക്കുന്ന പൂക്കൾ കവർന്നെടുത്തത് എന്ന് കവിഭാവന.

## താരകങ്ങളാകുന്ന പൂക്കളാൽ വിലസിക്കുന്നതും ആകാശമാകുന്നതുമായ തലമുടിയോടുകൂടിയവൾ

കറുത്തമുടിയിൽ വെളുത്ത നിറത്തിലുള്ള പുഷ്പങ്ങൾ. ദേവിയുടെ കറുത്തമുടിയാണ് രാത്രിയിലെ ഈ ആകാശമെങ്കിൽ ആ ആകാശത്തിലെ താരകങ്ങളെല്ലാം ആ മുടിയിലെ പുഷ്പങ്ങളാകുന്നു. അപ്പോൾ മാനം നോക്കിയാൽ ദേവിയുടെ തലമുടിയുടെ നിബിഡതയെക്കുറിച്ച് ഓർമ്മവരും. അത്രയും വിസ്താരമുള്ളതാണ് ദേവിയുടെ മുടി. ദേവി പ്രപഞ്ചാകാരയെങ്കിൽ ഈ ഇരുണ്ടാകാശം ദേവിയുടെ മുടിതന്നെ. ആ ഇരുണ്ട ആകാശമാകുന്ന തലമുടിയിലെ താരകങ്ങളാകുന്ന പൂക്കൾ ചമ്പകം, അശോകം, പുന്നാഗം എന്നീ സുഗന്ധപുഷ്പങ്ങളാകുന്നു. അങ്ങനെ ദേവിയുടെ മുടി അതീവ അഴകുള്ളതും സുഗന്ധമുള്ളതുമാകുന്നു.

(തുടരും)

# സംസ്കൃതപഠനം

ഡി. പ്രകാശ്

കഴിഞ്ഞ ലക്കത്തിൽ നാമപദവും ക്രിയാപദവും ചേർത്തുവച്ചു കൊണ്ടുള്ള വാക്യങ്ങൾ എഴുതി പരിശീലിച്ചു കാണും നിങ്ങൾ. കഴിഞ്ഞ തവണത്തെ ആദ്യത്തെ പ്രയോഗപരിശീലനത്തിലെ എട്ടു വാക്യങ്ങൾ ശ്രദ്ധിക്കുക.

| **വാക്യങ്ങൾ** | **അർത്ഥങ്ങൾ** |
|---|---|
| सिंहः गर्जति | സിംഹം ഗർജ്ജിക്കുന്നു |
| वृक्षः कम्पते | വൃക്ഷം ഇളകുന്നു |
| मत्स्यः जीवति | മത്സ്യം ജീവിക്കുന്നു |
| शिशुः क्रन्दति | ശിശു കരയുന്നു |
| अर्चकः अर्चति | പൂജാരി പൂജിക്കുന്നു |
| कुक्कुटः कूजति | പൂവ്വൻകോഴി കൂവുന്നു |
| बालः क्रीडति | ആൺകുട്ടി കളിക്കുന്നു |
| युवती भाषते | യുവതി സംസാരിക്കുന്നു |

രണ്ടാമത്തെ പ്രയോഗപരിശീലനത്തിലെ പത്തു വാക്യങ്ങൾ ശ്രദ്ധിക്കുക

| | |
|---|---|
| पथिकः तृष्यति | വഴിപോക്കന് ദാഹിക്കുന്നു |
| ईश्वरः तुष्यति | ഈശ്വരൻ സന്തോഷിക്കുന്നു |
| सैनिकः युध्यते | സൈനികൻ യുദ്ധം ചെയ്യുന്നു |
| पुत्रः मन्यते | മകൻ കരുതുന്നു |

| | |
|---|---|
| अम्बा सृज्यते | അമ്മ സൃഷ്ടിക്കുന്നു |
| अधर्मः नश्यति | അധർമ്മം നശിക്കുന്നു |
| सज्जनः श्लिष्यति | സജ്ജനം ആലിംഗനം ചെയ്യുന്നു |
| धर्मः विद्यते | ധർമ്മം ഉണ്ട് |
| छात्रः बुध्यते | വിദ്യാർത്ഥി മനസ്സിലാക്കുന്നു |
| अध्यापकः क्षाम्यति | അദ്ധ്യാപകൻ ക്ഷമിക്കുന്നു |

ആദ്യത്തെ പ്രയോഗപരിശീലനത്തിലുള്ളത് ഭ്വാദിഗണത്തിലെ ക്രിയാപദങ്ങളാണ്. രണ്ടാമത്തെ പ്രയോഗപരിശീലനത്തിലുള്ളത് ദിവാദിഗണത്തിലെ ക്രിയാപദങ്ങളാണ്. ഇരു ഗണത്തിലേയും ക്രിയാപദങ്ങൾ രൂപപ്പെടുന്ന പ്രകാരം ഒരിക്കൽക്കൂടി താഴെപ്പറയുന്ന പ്രകാരം മനസ്സിലാക്കേണ്ടതാണ്. എങ്കിൽ ആ ഗണത്തിലെ മറ്റു ധാതുക്കളുടെ ക്രിയാപദരൂപങ്ങളെ മിക്കവാറും എല്ലാം മനസ്സിലാക്കാവുന്നതേയുള്ളൂ.

| ഭ്വാദിഗണം | | | | ദിവാദിഗണം | | | |
|---|---|---|---|---|---|---|---|
| ധാതു | വികരണ പ്രത്യയം | പ്രത്യയം | രൂപം | ധാതു | വികരണ പ്രത്യയം | പ്രത്യയം | രൂപം |
| गर्ज् | अ | ति | गर्जति | मन् | य | ते | मन्यते |
| सेव् | अ | ते | सेवते | सृज् | य | ते | सृज्यते |
| क्रन्द् | अ | ति | क्रन्दति | तुष् | य | ति | तुष्यति |
| भाष् | अ | ति | भाषते | नश् | य | ति | नश्यति |
| क्रीड् | अ | ति | क्रीडति | विद् | य | ते | विद्यते |

അടുത്തത് തുദാദിഗണത്തിലെ ക്രിയാപദങ്ങളെ പരിചയപ്പെടാം. ഈ ഗണത്തിലെയും ഒന്നാം ഗണമായ ഭ്വാദിയിലേയും ക്രിയാപദങ്ങളെ അനുഭവത്തിലൂടെ മാത്രമേ വേർതിരിച്ചറിയാൻ സാധിക്കുകയുള്ളൂ. എന്തെന്നാൽ രണ്ടു ഗണത്തിലേയും വികരണ പ്രത്യയം 'അ' എന്ന് അവശേഷിക്കുന്നതാണ്.

## തുദാദിഗണത്തിലെ ക്രിയാപദരൂപങ്ങൾ

| ധാതു | വികരണ പ്രത്യയം | പ്രത്യയം | രൂപം | അർത്ഥം |
|---|---|---|---|---|
| कृष विलेखने (कृष्) | अ | ति | कृषति | ഉഴുന്നു. |
| लिख अक्षर विन्यासे (लिख्) | अ | ति | लिखति | എഴുതുന്നു |
| दिश अतिसर्जने (दिश्) | अ | ति | दिशति | നല്കുന്നു |
| णुद प्रेरणे (नुद्) | अ | ति | नुदति | തള്ളുന്നു |
| मिल श्लेषणे (मिल्) | अ | ति | मिलति | സംഗമിക്കുന്നു |

ഈ ക്രിയാപദങ്ങളുടെ വാക്യപ്രയോഗം നോക്കുക

| **വാക്യം** | **അർത്ഥം** |
|---|---|
| कृषकः क्षेत्रं कृषति | കർഷകൻ വയൽ ഉഴുന്നു |
| मित्रं लेखं लिखति | ചങ്ങാതി കത്ത് എഴുതുന്നു |
| आचार्यः मार्गं दिशति | ആചാര്യൻ വഴി കാണിക്കുന്നു |
| यात्रिकः वाहनं नुदति | യാത്രക്കാരൻ വണ്ടി ഉന്തുന്നു |
| भीमः आञ्जनेयं मिलति | ഭീമൻ ആഞ്ജനേയനെ കണ്ടുമുട്ടുന്നു. |

ഇതിനുമുമ്പ് പറഞ്ഞതായ വാക്യങ്ങളിൽനിന്ന് ഇതിനുള്ള പ്രത്യേകതകൾ ശ്രദ്ധിക്കുക.

1. ഇതിൽ മൂന്നു പദങ്ങൾ ഉണ്ട്.
2. രണ്ടെണ്ണം നാമരൂപങ്ങളും ഒരെണ്ണം ക്രിയാപദവുമാകുന്നു.

3. നാമപദങ്ങളിൽ ഒന്ന് (कृषकः) കർത്താവും മറ്റൊന്ന് (क्षेत्रं) കർമ്മപദവുമാകുന്നു.

## നാമപദങ്ങളിൽ കർത്താവിനും കർമ്മത്തിനുമുള്ള വ്യത്യാസം

ഒരു ക്രിയ പൂർണ്ണമാകുന്നതിന് കർത്താവ് മാത്രം പോരാ. കർമ്മവുംകൂടി വേണം. कः लिखति? (എഴുതുന്നതാര്?) എന്നു ചോദിച്ചാൽ मित्रं लिखति (ചങ്ങാതി എഴുതുന്നു) എന്ന് ഉത്തരം. അതായത് കർത്താവ് മിത്രം ആണ്. എഴുതുന്നതുകൊണ്ട് കർത്താവിന് നേടാൻ ഏറ്റവും ഇഷ്ടപ്പെട്ടത് കത്ത് ആയതിനാൽ लेखं എന്നത് കർമ്മമായി. लेखः എന്നത് അകാരാന്തം പുല്ലിംഗമായതിനാൽ കർമ്മപദമായി മാറുമ്പോൾ लेखं എന്നാകും. ഓരോ നാമപദങ്ങളും ഏഴ് വ്യത്യസ്താർത്ഥങ്ങളിൽ ഏഴു രൂപങ്ങളിൽ പ്രത്യക്ഷപ്പെടും. ഏകദ്വിബഹുവചനങ്ങളിൽ ഏഴു വീതം 21 രൂപങ്ങൾ ഒരു നാമപദത്തിന് ഉണ്ടാകും. ഒന്നാമത്തെ അർത്ഥമായ അത് എന്നതിൽ മൂന്നു രൂപങ്ങൾ. അതായത് लेखः, लेखौ, लेखाः എന്നിങ്ങനെ. ഇതിനെ പ്രഥമാ വിഭക്തി രൂപങ്ങൾ എന്നു പറയുന്നു.

## പ്രഥമാവിഭക്തിരൂപങ്ങൾ

മുമ്പു പറഞ്ഞതിൽ लेखः എന്നത് പ്രഥമാ വിഭക്തിയുടെ ഏകവചനരൂപം. लेखौ എന്നത് പ്രഥമാവിഭക്തിയുടെ ദ്വിവചനരൂപം. लेखाः എന്നത് പ്രഥമാ വിഭക്തിയുടെ ബഹുവചനരൂപം. ഏകവചനം ഒന്നിനെയും ദ്വിവചനം രണ്ടെണ്ണത്തെയും ബഹുവചനം രണ്ടിലധികം എണ്ണത്തേയും കുറിക്കുന്നു.

## ദ്വിതീയാവിഭക്തിരൂപങ്ങൾ

അതിനെ, അതിനോട്, അതിലേയ്ക്ക് എന്നീ അർത്ഥങ്ങളിൽ ദ്വിതീയാവിഭക്തിരൂപങ്ങൾ പ്രയോഗിക്കുന്നു. കർമ്മപദങ്ങൾക്കാണ് പ്രധാനമായും ദ്വിതീയവിഭക്തിരൂപങ്ങൾ വരുന്നത്.

| ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|
| लेखं | लेखौ | लेखाः |

ഇപ്രകാരം मित्रं लेखं लिखति എന്ന വാക്യമുണ്ടായി.

ഇവിടെ ന്യായമായും ഒരു ചോദ്യമുണ്ടാകാം. मित्रं എന്ന കർത്താവിനെ കുറിക്കുന്ന പദമെങ്ങനെ लेखं എന്നതുപോലെ ആയിത്തീർന്നു? मित्रः എന്നല്ലേ ആകേണ്ടത്? ഇതിന്റെ ഉത്തരം ഇങ്ങനെ

- मित्रं എന്നത് അകാരാന്ത നപുംസകലിംഗം ശബ്ദമാണ്. അതുകൊണ്ട് ഏകദ്വിബഹുവചനരൂപങ്ങൾ मित्रं, मित्रे, मित्राणि എന്നിങ്ങനെയാണ്. मित्रः എന്ന അകാരാന്തപുല്ലിംഗശബ്ദത്തിന് സൂര്യൻ എന്നാണ് അർത്ഥം.

| അകാരാന്തപുല്ലിംഗശബ്ദഃ | അകാരാന്തനപുംസകലിംഗശബ്ദഃ |
|---|---|
| मित्रः = സൂര്യൻ | मित्रं = ചങ്ങാതി |

ഇത് ശ്രദ്ധിക്കുക :

| വിഭക്തി | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|
| പ്രഥമാ | लेखः | लेखौ | लेखाः |
| ദ്വിതീയാ | लेखं | लेखौ | लेखान् |
| പ്രഥമാ | मार्गः | मार्गौ | मार्गाः |
| ദ്വിതീയാ | मार्गं | मार्गौ | मार्गान् |
| പ്രഥമാ | आञ्जनेयः | आञ्जनेयौ | आञ्जनेयाः |
| ദ്വിതീയാ | आञ्जनेयं | आञ्जनेयौ | आञ्जनेयान् |

ഇത് അകാരാന്തം പുല്ലിംഗശബ്ദങ്ങളുടെ രൂപങ്ങളുടെ ഉദാഹരണങ്ങൾ മാത്രമാണ് ഇവിടെ കാണിച്ചിട്ടുള്ളത്.

ചുരാദിയായ പത്താമത്തെ ഗണത്തിൽ അന്തർഭവിച്ച ക്രിയാപദങ്ങളെ പരിചയപ്പെടാം.

| ധാതു | വികരണ പ്രത്യയം | പ്രത്യയം | രൂപം | അർത്ഥം |
|---|---|---|---|---|
| भक्ष अदने (भक्ष्) | अय | ति | भक्षयति | ഭക്ഷിക്കുന്നു |
| वर्ण प्रेरणे (वर्ण्) | अय | ति | वर्णयति | വർണ്ണിക്കുന്നു |

| | | | | |
|---|---|---|---|---|
| पाल रक्षणे (पाल्) | अय | ति | पालयति | പാലിക്കുന്നു |
| पूज पूजायां (पूज्) | अय | ति | पूजयति | പൂജിക്കുന്നു |
| मान पूजायां (मान्) | अय | ति | मानयति | ബഹുമാനിക്കുന്നു |

താഴെ കൊടുക്കുന്ന പദങ്ങൾ ഉപയോഗിച്ച് മുകളിലെ ക്രിയാപദത്തോട് ചേർത്ത് അർത്ഥമനുസരിച്ച് വാക്യങ്ങൾ നിർമ്മിക്കുക.

छात्रः = വിദ്യാർത്ഥി, उद्यानं = പൂന്തോട്ടം, शशं = മുയലിനെ अर्चकः = പൂജാരി, सन्ध्यां = സന്ധ്യയെ, ईश्वरं = ഈശ്വരനെ, अध्यापकं = അദ്ധ്യാപകനെ सिंहः = സിംഹം, कविः = കവി, उद्यानपालकः = ഉദ്യാനപാലകൻ.

(തുടരും)

ആനുകാലികം

## പെൺകുട്ടികളെല്ലാം മനോരോഗികളോ?

സി.എം. കൃഷ്ണനുണ്ണി

നമ്മുടെ പെൺകുട്ടികൾ മാനസിക പ്രശ്നങ്ങളുള്ളവരാണെന്നാണോ സംസ്ഥാനസർക്കാറിന്റെ നിഗമനം? അല്ലെങ്കിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ പെൺകുട്ടികളെ സൈക്കോ സോഷ്യൽ കൗൺസിലിങ്ങിന് വിധേയരാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ഉത്തരവിറക്കിയത് (M4/42839/12) എന്ത് ഉദ്ദേശ്യത്തോടെയാണ്? 2009-ൽ സാമൂഹ്യക്ഷേമവകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണത്രെ 2012 ജൂലായ് 16-ന് പുറപ്പെടുവിക്കപ്പെട്ട ഈ പുതിയ ഉത്തരവ്. അദ്ധ്യാപക-രക്ഷാകർത്തൃസമിതികളുടെ ആഭിമുഖ്യത്തിലാണത്രെ സൈക്കോ സോഷ്യൽ കൗൺസിലിങ്ങ് നടത്തേണ്ടത്. ആൺകുട്ടികൾക്കില്ലാത്ത എന്ത് പ്രത്യേക മാനസിക പരാധീനതകളും പ്രശ്നങ്ങളുമാണ് പെൺകുട്ടികൾക്ക് ഇവിടെയുള്ളത്?

കേരളത്തിലെ വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ ശാരീരിക ആരോഗ്യനില വളരെ പരിതാപകരമാണെന്ന് 2009-10 കാലത്ത് 6010 സർക്കാർ സ്കൂളുകളിലെ 23,34,737 വിദ്യാർത്ഥിനീവിദ്യാർത്ഥികളെ ഉൾപ്പെടുത്തി നടത്തിയ 'ആരോഗ്യബന്ധിത ശാരീരികക്ഷമതാ പരീക്ഷണം' (എച്ച്.ആർ.പി.എഫ്.ടി.) വെളിപ്പെടുത്തിയിരുന്നു. 5 മുതൽ 10വരെ ക്ലാസുകളിൽ പഠിക്കുന്ന 16.58% വിദ്യാർത്ഥികളും 11.46% വിദ്യാർത്ഥിനികളും മാത്രമേ ഈ ടെസ്റ്റിൽ ചുരുങ്ങിയ യോഗ്യത നേടിയുള്ളു. രണ്ടാംവട്ട ടെസ്റ്റിലേക്ക് 75 പോയന്റുകളിലേറെ നേടി പ്രവേശനം നേടിയത് വെറും 5.67% ആൺകുട്ടികളും 2.19% പെൺകുട്ടികളും മാത്രമാണ്. അതായത്, 23,34,739 വിദ്യാർത്ഥികളിൽ വെറും 92,413 പേർ മാത്രമേ ആദ്യവട്ട ടെസ്റ്റുകളിൽ 75 പോയിന്റുകളിലേറെ നേടി രണ്ടാംവട്ട ടെസ്റ്റുകളിലേയ്ക്ക് പ്രവേശിച്ചുള്ളു. രണ്ടാംവട്ട ടെസ്റ്റുകളിൽ 75 പോയിന്റുകളിലേറെ നേടിയവർ 0.54% മാത്രം! 1127 വിദ്യാർത്ഥികൾക്ക് 'എ' ഗ്രേഡും 2675 പേർക്ക് 'ബി' ഗ്രേഡും 8882 പേർക്ക് 'സി' ഗ്രേഡും രണ്ടാംവട്ട ടെസ്റ്റുകളിൽ ലഭിച്ചു.

പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികൾ ചുരുങ്ങിയ അളവിൽ മാത്രമാണ് മുന്നിട്ടു നില്ക്കുന്നത്. വെറും 5.12%. പുരുഷന്മാർക്ക് സ്ത്രീകളേക്കാൾ അല്പം ശാരീരികക്ഷമത പ്രകൃത്യാതന്നെ കൂടിയിരിക്കുമെന്നതിനാൽ ഈ വ്യത്യാസം കണക്കിലെടുക്കേണ്ടതില്ല. ആൺകുട്ടികളും പെൺകുട്ടികളും ആരോഗ്യകാര്യത്തിൽ പിന്നാക്കമാണ് എന്ന് മേൽപ്പറഞ്ഞ കണക്കുകളിൽനിന്ന് വ്യക്തമാവുന്നു. വയറിലെ പേശികളുടെ ബലക്കുറവ്, ശരീരത്തിന്റെ വഴക്കക്കുറവ്, അരയ്ക്കു മുകളിലെ ശരീരഭാഗങ്ങളുടെ ബലക്കുറവ് ഓടാനുള്ള കഴിവില്ലായ്മ എന്നിവ നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ അനുഭവിക്കുന്ന അവശതകളാണ്. ഇളം തലമുറയുടെ ഈ പ്രശ്നം തികച്ചും ഉൽക്കണ്ഠയുണ്ടാക്കുന്നതാണ്. ഇങ്ങനെയാണ് ഇവരുടെ സ്ഥിതിയെങ്കിൽ ഇവരെങ്ങനെ സംതൃപ്തമായ ഭാവിജീവിതം നയിക്കും?

കുട്ടികളുടെ ആരോഗ്യക്കുറവ് പല ചോദ്യങ്ങളും ഉയർത്തുന്നു. ശാരീരിക പ്രശ്നങ്ങൾക്ക് മാനസിക കാരണങ്ങളുണ്ടാവുമെന്ന് വ്യക്തം. അവയ്ക്ക് കഴിയുന്ന വേഗത്തിൽ പരിഹാരം കണ്ടെത്തേണ്ടതുതന്നെ. പക്ഷേ അതിന്റെ പേരിൽ പെൺകുട്ടികളെമാത്രം സൈക്കോസോഷ്യൽ കൗൺസിലിങ്ങിന് വിധേയരാക്കണമെന്ന വാദത്തിന് എന്താണ് പ്രസക്തി? ഇത്രയും പേരെ ഫലപ്രദമായി കൗൺസിലിങ്ങ് നടത്തുവാൻ സംസ്ഥാനത്ത് പ്രഗത്ഭരായ മനഃശാസ്ത്രവിദഗ്ദ്ധന്മാർ എത്ര പേരുണ്ട്? ഇസ്ലാമിക-ക്രൈസ്തവ വിഭാഗങ്ങൾ അവരുടേതായ കൗൺസിലിങ്ങ് വ്യവസ്ഥകൾ കേരളത്തിൽ നടപ്പാക്കിവരുന്നുണ്ട്.

എൻ.എസ്സ്.എസ്സും, എസ്.എൻ.ഡി.പി.യും കൗൺസിലിങ്ങ് ആഭിമുഖ്യം പ്രകടിപ്പിച്ചുകാണുന്നുമുണ്ട്. ഈ കള്ളികളിലൊന്നും പെടാത്ത തികച്ചും പ്രൊഫഷണലുകളായ കൗൺസിലിങ്ങ് വിദഗ്ധന്മാരെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്കായി ഉപയോഗപ്പെടുത്തുവാൻ സർക്കാറിനാവുമോ? അതോ മേൽപ്പറഞ്ഞ ഏതു വിഭാഗക്കാരുടെ പക്ഷത്തുള്ള കൗൺസിലിങ്ങ് വിദഗ്ധരുടെ മുന്നിലേയ്ക്കാണ് വിദ്യാർത്ഥിനികളെ കൊണ്ടെത്തിക്കുവാൻ പ്ലാൻ? ലൗ ജിഹാദിന്റെ പശ്ചാത്തലത്തിൽ ഉൽക്കണ്ഠയ്ക്ക് തീർച്ചയായും അവകാശമുണ്ട്.

ഇവിടെ പെൺകുട്ടികൾക്ക് മാത്രമായി ഒരു ഭീകരപ്രശ്നമുണ്ടെന്നത് വെറുമൊരു 'ഉമ്മാക്കി' മാത്രമാണ്. നമ്മുടെ കുട്ടികൾക്ക് തീർച്ചയായും മാനസികവും ശാരീരികവുമായ പല പ്രശ്നങ്ങളുമുണ്ട്. അതിനുകാരണം രക്ഷിതാക്കളുടെ വികലമായ കാഴ്ചപ്പാടുകളും തലതിരിഞ്ഞ വിദ്യാഭ്യാസ സമ്പ്രദായവും ഭക്ഷണക്രമവുമാണ്. പഠനഭാരവും റാങ്കുവേട്ടയ്ക്കുള്ള ത്വരയും എക്സ്ട്ര കരിക്കുലർ ഫാൻസികളും സാംസ്കാരികമൂല്യങ്ങളിൽനിന്ന് വഴുതിപ്പോയ രക്ഷിതാക്കളുടെ അവസ്ഥയും കുട്ടികളെ അന്യവൽക്കരിച്ച് വളരാൻ നിർബന്ധിതമാക്കുകയാണ്. സ്വാഭാവിക വിനോദ-വിശ്രമവേളകൾ ബാല്യത്തിന് നഷ്ടപ്പെടുന്നു. സ്വയം കൂടുതൽ മെച്ചപ്പെടുവാനുള്ള ആത്മനിഷ്ഠമായ ശ്രമം, മറ്റുള്ളവരേക്കാൾ മുന്നിലെത്തുവാനുള്ള അനാരോഗ്യകരമായ മത്സരമാക്കി മാറ്റപ്പെട്ടത് ബാല്യത്തിന്റെ സർഗ്ഗശേഷി ഊറ്റിക്കളയുന്നു.

കഥകളിലൂടെയും പാട്ടുകളിലൂടെയും സാംസ്കാരിക സന്നിവേശനം സാധിക്കേണ്ട കാലമാണ് ബാല്യ-കൗമാരങ്ങൾ. പക്ഷേ പുരാണകഥകളും ഇതിഹാസ കഥകളും ചരിത്രകഥകളും കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ അറിവും കഴിവുമുള്ള രക്ഷിതാക്കളും അദ്ധ്യാപകരും ഇല്ലാതായിരിക്കുന്നു എന്നുതന്നെ പറയാം. കഥ പറഞ്ഞിരുന്നാൽ 'എൻട്രൻസ്' കടന്നു കിട്ടുകയുമില്ല. 'എൻട്രൻസ്' കടന്നുകിട്ടാത്തവന്റെ ജീവിതം പ്രയോജനമില്ലാത്തതാണെന്ന് ആരും പഠിപ്പിക്കാതെത്തന്നെ പഠിച്ചുകഴിഞ്ഞവരാണല്ലോ നമ്മൾ.

മാനസിക ആരോഗ്യം ചെറുപ്പത്തിലേ ശക്തിപ്പെടുത്തുവാൻ സമൂഹത്തിൽ പ്രചാരത്തിലുണ്ടായിരുന്ന സന്ധ്യാനാമജപം ഇനിയും വീടുകളിൽ ആരംഭിച്ചാൽത്തന്നെ എല്ലാവരുടെയും മാനസിക ആരോഗ്യം വർദ്ധിപ്പിക്കാവുന്നതേയുള്ളൂ. 'അച്യുതായ നമഃ അനന്തായ നമഃ ഗോവിന്ദായ നമഃ' എന്നീ നാമത്രയങ്ങൾ 'നമശ്ശിവായ എന്നു തുടങ്ങി 'വിഷ്ണുവേ ഹരിഃ' എന്ന് അവസാനിക്കുന്ന നാമങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ട് നമ്മുടെ പഴയ തലമുറകൾ സന്ധ്യയ്ക്ക് ജപിച്ചുപോന്നിരുന്നു. ഈ നാമത്രയങ്ങൾ 'മനോരോഗപ്രണാശിനീ നാമത്രയീ

വിദ്യ' എന്ന പേരിൽ അറിയപ്പെടുന്നവയാണ്. (ലളിതോപാഖ്യാനത്തിൽ 26-ാം അദ്ധ്യാത്തിൽ 9, 10, 11, 12 ശ്ലോകങ്ങളിൽ ഈ നാമത്രയങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. മഹാരോഗങ്ങളെ അകറ്റി നിർത്തുന്നതിന് നാമത്രയജപം ഒരു സിദ്ധൗഷധമാണെന്നതിൽ പറയുന്നു.) നാമജപം പതിവാക്കുകയും, വീട്ടുജോലികളിൽ ചിലത് കുട്ടികളെക്കൊണ്ട് ചെയ്യിക്കുവാൻ തുടങ്ങുകയും, നടക്കാനും വ്യായാമത്തിനുമുള്ള അവസരം അവർക്ക് നിഷേധിക്കാതിരിക്കുകയും മറ്റു കുട്ടികളേക്കാൾ മാർക്ക നേടാൻ അവരെ പ്രേരിപ്പിക്കുന്നതിനുപകരം, അവർ മുമ്പ് നേടിയതിലും കൂടുതൽ മാർക്ക് ഓരോരിക്കലും നേടുവാൻ പ്രോത്സാഹിപ്പിക്കുകയും അങ്ങനെ നേടുമ്പോൾ അഭിനന്ദിച്ചു കൊണ്ടിരിക്കുകയും ചെയ്താൽത്തന്നെ കുട്ടികളുടെ കായിക-മാനസിക ക്ഷമതകൾ മെച്ചപ്പെട്ടുകൊള്ളും. ബേക്കറി-ടിൻ ഫുഡ്-ഫ്രിഡ്ജ് ഫ്രീസ്ഡ് ഭക്ഷണക്രമത്തിൽനിന്ന് കുട്ടികളെ രക്ഷിച്ചാൽത്തന്നെ അവരുടെ ആരോഗ്യം മെച്ചപ്പെടാതിരിക്കുകയില്ല. പരീക്ഷകളും റാങ്കുകളും മാത്രമല്ല ജീവിതവിജയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്ന് അംഗീകരിക്കപ്പെടുമ്പോൾ കുട്ടികളുടെ സർഗ്ഗവാസനകൾ വികസിക്കുവാനുള്ള അന്തരീക്ഷം ഒരുങ്ങും.

പെൺകുട്ടികൾക്ക് അദ്ധ്യാപക-രക്ഷാകർത്തൃസമിതികളുടെ ആഭിമുഖ്യത്തിൽ സൈക്കോ സോഷ്യൽ കൗൺസിലിങ്ങ് ആവശ്യമാണെന്ന സർക്കാറിന്റെ നിലപാട് ഏറെ എതിർക്കപ്പെടുന്ന മനുസ്മൃതിവാക്യത്തിനുള്ള അനുബന്ധമാണോ? പെണ്ണിനെ കുട്ടിക്കാലത്ത് അച്ഛനും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രന്മാരും സംരക്ഷിക്കണമെന്നും സ്ത്രീ ഒരവസ്ഥയിലും അരക്ഷിതാവസ്ഥയിലാവരുതെന്നും (ന സ്ത്രീ സ്വാതന്ത്ര്യമർഹതി) മനു പറഞ്ഞത് നവീന യുഗത്തിൽ ഏറെ വിവാദങ്ങൾക്ക് വഴിയൊരുക്കുകയുണ്ടായല്ലോ. ഇപ്പോൾ കേരള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് പറഞ്ഞിരിക്കുന്നത് പെൺകുട്ടികളെ അദ്ധ്യാപകരും രക്ഷിതാക്കളും ചേർന്ന് ഉപദേശിച്ച് രക്ഷിക്കുവാനാണ്. ഇത് മനുസ്മൃതിവാക്യത്തിന് കാലികമായി ചേർക്കപ്പെട്ട അനുബന്ധമല്ലെങ്കിൽ മറ്റെന്താണ്?

'യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ' - സ്ത്രീകളെ സംപൂജ്യരായി കണക്കാക്കുന്നിടത്ത് ദേവതാപ്രസാദമുണ്ടാവുന്നു - എന്ന കാഴ്ചപ്പാടാണ് ഈ രാജ്യത്ത് നിലനിന്നിരുന്നത്. ഒരു വയസ്സുമുതൽ 16 വയസ്സുവരെയുള്ള പെൺകുട്ടികളെ വ്യത്യസ്ത ശക്തിസ്വരൂപങ്ങളായ ദേവീഭാവങ്ങളിൽ കണ്ടിരുന്ന സംസ്കാരവും ഇവിടെ പ്രബലമായിരുന്നു. സ്ത്രീരൂപത്തിൽ പ്രപഞ്ചശക്തിയെ ഇവിടെ ആരാധിച്ചുപോന്നു. സന്മാർഗ്ഗ-സത്യനിഷ്ഠകളിലും ഇച്ഛാശക്തിയിലും തപഃശക്തിയി

ല്വം ധാർമ്മികശേഷിയും സർവ്വാതിശായിത്വം പുലർത്തിയ ഗാർഗ്ഗി മുതൽ ഉമ്മിണിതങ്കവരെയും ലക്ഷ്മീഭായി മുതൽ ഉണ്ണിയാർച്ചവരെയും നീളുന്ന പുരാണ-ഇതിഹാസ-ചരിത്ര-നാടോടിക്കഥാനായികമാരാൽ സമ്പന്നമാണ് നമ്മുടെ പൈതൃകം. ഇങ്ങിപ്പുറത്ത് നമ്മുടെ പെൺകുട്ടികൾക്ക് മനോവിഭ്രാന്തിയുണ്ടെന്ന് സർക്കാർ പറഞ്ഞാൽ അതിനുപിന്നിൽ ദുഷ്ടലാക്കേ കാണാനാവൂ. നമ്മുടെ കുട്ടികൾക്ക് നാം വരുത്തിവെച്ച ശേഷിക്കുറവുകളുണ്ട്. അവ പരിഹരിക്കുവാൻ ഇനിയും കാടുകയറി മറഞ്ഞുപോയിട്ടില്ലാത്ത സാംസ്കാരികപൈതൃകത്തിന്റെ നാട്ടുവഴികൾ ഉപയോഗപ്പെടുത്തുകയേ വേണ്ടൂ. അതിന് സർക്കാരിനെ കാത്തുനിന്നിട്ട് കാര്യമില്ല. നമുക്കോരോരുത്തർക്കും അത് ചെയ്യാവുന്നേതയുള്ളൂ. ◆

## ലഗധമുനിയുടെ വേദാംഗജ്യോതിഷം

പ്രസൂൺ പൂതേരി

പാരമ്പര്യഭാരതീയവിജ്ഞാനങ്ങളുടെയെല്ലാം അടിസ്ഥാനമായി കണക്കാക്കപ്പെടുന്നത് വൈദികസാഹിത്യങ്ങളെയാണ്. നാലു വേദസംഹിതകളും അവയുടെ ബ്രാഹ്മണാരണ്യകോപനിഷത്തുകളും ആറ് വേദാംഗശാസ്ത്രങ്ങളും ഉൾപ്പെടുന്നതാണ് വൈദികസാഹിത്യം. ഋക്, യജുസ്, സാമം, അഥർവ്വം എന്നിങ്ങനെയാണ് നാലു വേദങ്ങൾ. വേദാംഗശാസ്ത്രങ്ങൾ ആറെണ്ണം - ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ്.

വൈദികയാഗങ്ങൾക്ക് പ്രാധാന്യം കൈവന്നതോടെ യജ്ഞകർമ്മങ്ങൾക്ക് അനുയോജ്യമായ സമയം നിർണ്ണയിക്കേണ്ടതായി വന്നു. സമയനിർണ്ണയത്തിനായി ഗ്രഹങ്ങളേയും നക്ഷത്രങ്ങളേയും ഉപയോഗിക്കുകയും അതിനനുസരിച്ച് 'ജ്യോതിഷ'മെന്ന 'കാലവിധാനശാസ്ത്രം' ആവിർഭവിക്കുകയും ചെയ്തു. വേദത്തിന്റെ മുഖ്യോപയോഗം യാജ്ഞികമാവുകയും യാഗാദികൾ യഥാവസരങ്ങളിൽ ചെയ്യുന്നതിനുവേണ്ടി ജ്യോതിഷത്തെ ആശ്രയിക്കുകയും ചെയ്തതോടെ വേദാംഗങ്ങളിൽ ജ്യോതിഷത്തിന് പരമപ്രാധാന്യം കൈവന്നു.

വേദകാലജനതയുടെ ജ്യോതിഷ വിജ്ഞാനത്തെക്കുറിച്ച് അറിവുനല്കുന്ന നിരവധി മന്ത്രങ്ങൾ സംഹിതകളിലും ബ്രാഹ്മണങ്ങളിലും കാണുവാൻ സാധിക്കും. എന്നാൽ കാലഗണനയ്ക്ക് മുൻതൂക്കം നല്കിക്കൊണ്ടുള്ള രചനാശൈലിയാണ് വേദാംഗജ്യോതിഷത്തിൽ കാ

ണുന്നത്. അഗാധമായ ഗണിതപാണ്ഡിത്യം ഇല്ലാത്തവർക്കുകൂടി കുറഞ്ഞ ഗണിതംകൊണ്ടുതന്നെ ശുഭസമയത്തെ കണ്ടുപിടിക്കാവുന്ന രീതിയിലുള്ള ഗണിതസമ്പ്രദായമാണ് വേദാംഗജ്യോതിഷത്തിൽ ഉള്ളത്.

ലഗധന്റെ ആർച്ചജ്യോതിഷം, യാജുഷജ്യോതിഷം, സോമശേഖരന്റെ സാമജ്യോതിഷം, അജ്ഞാതകർത്തൃകമായ അഥർവ്വണജ്യോതിഷം എന്നിങ്ങനെ നാലു ഗ്രന്ഥങ്ങളാണ് വേദാംഗജ്യോതിഷവുമായി ബന്ധപ്പെട്ട് രചിച്ചവ. ഇവയിൽ സാമജ്യോതിഷം ഉപലബ്ധമല്ലാത്തതിനാലും അഥർവ്വണജ്യോതിഷം കൂടുതൽ അർവ്വാചീനമായതിനാലും വേദാംഗജ്യോതിഷത്തെക്കുറിച്ചുള്ള പഠനത്തിൽ ഇവയെ ഉൾപ്പെടുത്താറില്ല. അതിനാൽ വേദാംഗജ്യോതിഷശാഖയുടെ പ്രാമാണിക ഗ്രന്ഥങ്ങളായി പരിഗണിക്കുന്നത് ആർച്ചജ്യോതിഷവും യാജുഷജ്യോതിഷവും ആണ്. ഈ രണ്ടു ഗ്രന്ഥങ്ങളുടെയും കർത്താവായി ലഗധമുനിയേയാണ് കണക്കാക്കുന്നത്.

പ്രണമ്യ ശിരസാ കാലം അഭിവാദ്യ സരസ്വതീം
കാലജ്ഞാനം പ്രവക്ഷ്യാമി ലഗധസ്യ മഹാത്മനഃ
(ആർച്ചജ്യോതിഷം - 2)

ആർച്ചജ്യോതിഷത്തിലെ ഈ ശ്ലോകം ലഗധമഹർഷിയാണ് വേദാംഗജ്യോതിഷം ആവിഷ്കരിച്ചത് എന്ന സൂചന നല്കുന്നുണ്ട്. ലഗധന്റെ ദേശ-കാലങ്ങളെക്കുറിച്ച് വേദാംഗജ്യോതിഷം നല്കുന്ന ആഭ്യന്തരസൂചനകളല്ലാതെ മറ്റൊരു വിവരവും ലഭ്യമല്ല.

വേദാംഗജ്യോതിഷത്തിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ ലഗധൻ ആവിഷ്കരിച്ചതും പിന്നീട് ചർച്ചകൾക്കുശേഷം മറ്റാരെങ്കിലും ക്രോഡീകരിച്ചതും ആയിരിക്കാം എന്ന അഭിപ്രായവും പണ്ഡിതന്മാർക്കിടയിൽ ഉണ്ട്. ആർച്ചജ്യോതിഷം ആദ്യം ക്രോഡീകരിക്കുകയും പിന്നീട് കാലാനസൃതമായി ആർച്ചജ്യോതിഷത്തെ പരിഷ്കരിച്ച് യാജുഷജ്യോതിഷം എന്ന ഗ്രന്ഥം ഉടലെടുക്കുകയും ചെയ്തിട്ടുണ്ടാകണം. എന്നാൽ മറ്റാരെങ്കിലും ലഗധന്റെ പുനരാഖ്യാനം ചെയ്തതായി എവിടെയും പറയുന്നില്ല എന്നതും ഇവിടെ സൂചിപ്പിക്കേണ്ടതായിട്ടുണ്ട്.

സൂര്യന്റെ വിഷുവപുരസ്സരണം അഥവാ വിഷുവത്പ്രതിക്രമണത്തിന്റെ അടിസ്ഥാനത്തിൽ വേദാംഗജ്യോതിഷത്തിന്റെ കാലം നിർണ്ണയിക്കാവുന്നതാണ്. ഓരോ വർഷവും സൂര്യൻ അതിന്റെ ഉത്തരായനത്തിൽ ഭൂഗോളമദ്ധ്യരേഖയുമായി സംഗമിക്കുന്ന ബിന്ദു, ഒരു വർഷം ഏകദ്ദേശം 50 വികല എന്ന തോതിൽ പടിഞ്ഞാറോട്ട് മാറി ▸▸

ക്കൊണ്ടിരിക്കുന്ന പ്രതിഭാസമാണ് വിഷുവത്പ്രതിക്രമണം. സൂര്യൻ അവിട്ടം നക്ഷത്രത്തിലെത്തുമ്പോൾ വടക്കോട്ടും ആയില്യം നക്ഷത്രത്തിന്റെ മദ്ധ്യത്തിലെത്തുമ്പോൾ തെക്കോട്ടും സഞ്ചാരം ആരംഭിക്കുന്നതായി വേദാംഗജ്യോതിഷത്തിൽ പറയുന്നുണ്ട്.

പ്രാപദ്യേതേ ശ്രവിഷ്ഠാദൗ സൂര്യചന്ദ്രമാസാവുദക്
സാർപാർദ്ധേ ദക്ഷിണാർക്കസ്തു മാഘശ്രാവണയോഃ സദാ
(ആർച്ചജ്യോതിഷം - 6, യാജുഷജ്യോതിഷം - 7)

ഇതിൽനിന്നും വസന്തവിഷുവം സംഭവിക്കുന്നത് കാർത്തിക നക്ഷത്രത്തിന്റെ ആരംഭത്തിലാണ് എന്ന മനസ്സിലാക്കാവുന്നതാണ്. ഏകദേശം 3200 വർഷങ്ങൾക്കു മുമ്പാണ് കാർത്തിക വിഷുവനക്ഷത്രമായിരുന്നത്. ഇപ്രകാരം കണക്കാക്കിയാൽ വേദാംഗജ്യോതിഷത്തിന്റെ കാലം ഏകദേശം ക്രി.മു. 1200-ന മുമ്പാണെന്നു പറയാം.

വേദാംഗജ്യോതിഷത്തിലെ ഉത്തരായനാന്ത്യത്തിൽ പകലിനു 18 മുഹൂർത്തവും രാത്രിക്ക് 12 മുഹൂർത്തവുമാണ് നീളം. അതായത് ഇക്കാലത്തെ ദിനരാത്രങ്ങളുടെ കൂടിയ ദൈർഘ്യവ്യത്യാസം 6 മുഹൂർത്തം അഥവാ 4 മണിക്കൂർ 48 മിനുട്ടാണ്. 34 ഡിഗ്രി അക്ഷാംശമുള്ള പ്രദേശത്തു മാത്രമേ ദിനരാത്രങ്ങൾക്ക് ഇത്രയും വ്യത്യാസം വരുകയുള്ളൂ. ഇത് സിന്ധുതടത്തിന്റെ അക്ഷാംശമാണ്. 28 ഡിഗ്രിക്കടുത്ത് അക്ഷാംശമുള്ള പ്രദേശമാണ് ഗംഗാതടം.

ഇപ്പറഞ്ഞതിൽനിന്നും വേദാംഗജ്യോതിഷം ഉടലെടുക്കുന്നത് ക്രി.മു. 1200-ഓടുകൂടി സിന്ധുതടപ്രദേശത്തുനിന്നാണെന്ന് മനസ്സിലാക്കാം. ആധുനികചരിത്രത്തിന്റെ യുക്തിബോധത്തിൽനിന്നു ചിന്തിക്കുമ്പോൾ ഇത് അബദ്ധമായ നിഗമനങ്ങളാണെന്ന് പറയുന്നവർ ഉണ്ടാകാം. എന്നാൽ ശാസ്ത്രചിന്തയോടുകൂടിയ വൈദികസംസ്കാരം ക്രി.മു. 1200-ഓടെ സിന്ധുതടത്തിൽ വ്യാപിച്ചിരുന്നുവെന്നോ അല്ലെങ്കിൽ വേദാംഗജ്യോതിഷത്തിലെ പ്രതിപാദ്യവിഷയങ്ങൾ സൈന്ധവസംസ്കാരത്തിൽനിന്നും കടംകൊണ്ടതാണെന്ന് വിശ്വസിക്കുകയോ ചെയ്താൽ ഈ നിഗമനങ്ങൾക്ക് ചില പുതിയ മാനങ്ങൾ കൈവരും.

ലഗധന്റെ ആർച്ചജ്യോതിഷത്തിൽ 36 ശ്ലോകങ്ങളും യാജുഷജ്യോതിഷത്തിൽ 44 ശ്ലോകങ്ങളുമാണ് ഉള്ളത്. ഈ രണ്ട് ഗ്രന്ഥത്തിലും സമാനമായി 29 ശ്ലോകങ്ങൾ കാണുന്നുണ്ട്. എങ്കിലും രണ്ടു പ്രകരണങ്ങളിലേയും ശ്ലോകങ്ങളുടെ ക്രമം വ്യത്യസ്തമാണ്. ആർച്ചജ്യോതിഷത്തിലെ 3 ശ്ലോകങ്ങളുടെ ആശയത്തെ മറ്റൊരു രീതിയിൽ യാജുഷജ്യോതിഷത്തിൽ ചേർത്തിട്ടുണ്ട്. ആർച്ചജ്യോതിഷത്തിലെ

2,19,33,34 ശ്ലോകങ്ങളോ അവയുടെ ആശയമുൾക്കൊള്ളുന്ന ശ്ലോകങ്ങളോ യാജുഷജ്യോതിഷത്തിൽ കാണുന്നില്ല. ആർച്ചജ്യോതിഷത്തെ അപേക്ഷിച്ച് തികച്ചും പുതിയതായ 12 ശ്ലോകങ്ങൾ യാജുഷജ്യോതിഷത്തിൽ ഉണ്ട്.

വേദാംഗജ്യോതിഷത്തിലെ കാലത്തെ യുഗം, വർഷം, അയനം, ഋതു, മാസം, ദിവസം, മുഹൂർത്തം, നാഴിക, കല, കാഷ്ഠ, മാത്ര എന്നിങ്ങനെ അവരോഹണക്രമത്തിൽ വിഭജിക്കാം. വേദാംഗജ്യോതിഷത്തിൽ സമയത്തെ കുറിക്കാൻ ഉപയോഗിക്കുന്ന ഏറ്റവും ചെറിയ അളവാണ് മാത്ര. ഒരു ഹ്രസ്വാക്ഷരം ഉച്ചരിക്കുവാൻ ആവശ്യമായ സമയമാണിത്. പത്ത് മാത്രകൾ ചേർന്ന സമയത്തെ ഒരു കാഷ്ഠയായി കണക്കാക്കുന്നു. ഇപ്രകാരം 124 കാഷ്ഠകൾ ചേർന്നതിനെ ഒരു കലയായി പരിഗണിക്കുന്നു. 101/2 കലകൾ ചേർന്നതാണ് ഒരു നാഴിക. ഏകദ്ദേശം 24 മിനിട്ടാണ് ഒരു നാഴിക. രണ്ടു നാഴികകൾ ചേർന്നാൽ ഒരു മുഹൂർത്തവും 30 മുഹൂർത്തങ്ങൾ ചേർന്നാൽ ഒരു ദിവസവും ആയി. ഒരു സൗരവർഷത്തിൽ ഇപ്രകാരമുള്ള 366 ദിവസങ്ങൾ ഉണ്ടാകും.

ഒരു സൗരവർഷത്തിൽ 12 മാസങ്ങൾ ആണുള്ളത്. മാധവം, ശുക്രൻ, ശുചി, നഭസ്സ്, ഐഷം, ഊർജ്ജം, സഹസ്, സഹസ്സ്യം, തപസ്സ്, തപസ്യം, മധു എന്നിവയാണ് സൗരമാസങ്ങൾ. ഇതിൽ രണ്ടു മാസങ്ങൾവീതം ചേർന്നാൽ ഋതുക്കളും മൂന്ന ഋതുക്കൾ ചേർന്നാൽ അയനവും ആയി. സൂര്യന്റെ വടക്കോട്ടും തെക്കോട്ടുമുള്ള സഞ്ചാരത്തെ ആസ്പദമാക്കി അയനകാലത്തെ ഉത്തരായനമെന്നും ദക്ഷിണായനമെന്നും വിളിക്കുന്നു.

വേദാംഗജ്യോതിഷത്തിൽ സവിശേഷതകളിലൊന്ന് അഞ്ച് സൗരവർഷങ്ങൾ ചേർന്നുള്ള യുഗസങ്കല്പം. സംഗമം എന്നർത്ഥത്തിലാണ് യുഗം എന്ന പദം ഇവിടെ ഉപയോഗിക്കുന്നത്. സൂര്യനും ചന്ദ്രനും ഓരോ നക്ഷത്രകക്ഷ്യയിൽ സംഗമിക്കുന്നത് അഞ്ച് വർഷത്തെ ഇടവേളകളിലാണ്. ഈ കാലത്തെയാണ് യുഗം എന്ന സംജ്ഞകൊണ്ട് വിവക്ഷിക്കുന്നത്. ഒരു യുഗത്തിലെ വർഷങ്ങൾക്ക് പ്രത്യേകം പേരുകളും നല്കിയിട്ടുണ്ട്. സംവത്സരം, പരിവത്സരം ഇഡാവത്സരം അനുവത്സരം, ഉദ്വത്സരം എന്നിവയാണവ.

366 ദിവസങ്ങളുള്ള സൗരവർഷത്തോടൊപ്പം 354 ദിവസങ്ങളുള്ള ചാന്ദ്രവർഷവും അക്കാലത്ത് നിലവിലുണ്ടായിരുന്നു. അപ്പോൾ 21/2 സൗരവർഷങ്ങൾ കൂടുമ്പോൾ ഒരു അധിക ചന്ദ്രമാസം ഉണ്ടാകും. അതായത് ഒരു യുഗത്തിൽ 2 അധികമാസങ്ങൾ. ഒരു ചാന്ദ്ര

വർഷത്തിൽ 12 മാസങ്ങൾ ആണുള്ളത്. ചൈത്രാദികളായി ഇന്ന് പ്രയോഗത്തിലിരിക്കുന്ന ചാന്ദ്രമാസങ്ങൾ തന്നെയാണവ. ഒരു ചന്ദ്രമാസത്തിൽ 29½ ദിവസങ്ങൾ അഥവാ തിഥികളാണ് ഉള്ളത്. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ അനുസരിച്ചാണ് ചാന്ദ്രമാസം കണക്കാക്കിയിരിക്കുന്നത്. ചാന്ദ്രമാസത്തെ ശുക്ലപക്ഷമെന്നും കൃഷ്ണപക്ഷമെന്നും രണ്ടായി വിഭജിക്കുന്നു.

കാർത്തികമുതൽ ഭരണിവരെ 27 നക്ഷത്രങ്ങളാണ് വേദാംഗജ്യോതിഷത്തിൽ ഉള്ളത്. സൂര്യന്റെ വിഷുവനക്ഷത്രം കാർത്തിക ആയതിനാലാണ് കാർത്തിക ആദ്യമായി നക്ഷത്രങ്ങളെ തരംതിരിച്ചത്. വേദസംഹിതകളിൽ ഉത്രാടത്തിനും തിരുവോണത്തിനും ഇടയിൽ അഭിജിത്ത് എന്ന നക്ഷത്രത്തെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഭിജിത്ത് നക്ഷത്രത്തെ പുറംതള്ളി താരാപുഞ്ജവൃത്തത്തിൽ 27 നക്ഷത്രസമൂഹങ്ങളെ 13 ഡിഗ്രി 20 മിനുട്ടും വീതമുള്ള കക്ഷ്യകളാക്കി വിന്യസിക്കുന്ന രീതിയാണ് വേദാംഗജ്യോതിഷത്തിൽ കാണുവാൻ സാധിക്കുന്നത്. ഒരുപക്ഷേ 360 ഡിഗ്രിയുള്ള രാശിചക്രത്തിന്റെ ആവിർഭാവത്തിന്റെ ആദ്യ പടിയാകാം ഇത്.

വേദാംഗജ്യോതിഷത്തിൽ ഫലഭാഗങ്ങൾ കാണുന്നില്ല. എന്നാൽ ഫലജ്യോതിഷം വേദാംഗജ്യോതിഷത്തിലെ സമയക്രമത്തേയും ചില പരാമർശങ്ങളേയും ഫലപ്രവചനത്തിനായി ഉപയോഗിക്കുന്നുണ്ട്. വർഷം, അയനം, ഋതു, മാസം, ദിനം, നക്ഷത്രം, തിഥി, മുഹൂർത്തം, നാഴിക തുടങ്ങിയവയുടെ ഗണനം വേദാംഗജ്യോതിഷത്തിലേതുപോലെതന്നെയാണ് ഫലജ്യോതിഷത്തിലും. എന്നാൽ 5 സൗരവർഷങ്ങളടങ്ങുന്ന വേദാംഗജ്യോതിഷത്തിലെ യുഗസങ്കല്പം ഇന്ന് ഉപയോഗിക്കാറില്ല. സായനരീതിയിലുള്ള വേദാംഗസൗരമാസങ്ങൾക്കു പകരം മേടം, ഇടവം മുതലായ നിരയാനസൗരമാസങ്ങളാണ് ഇന്ന് പ്രയോഗത്തിലുള്ളത്.

വേദാംഗജ്യോതിഷത്തിലേയും ആധുനികജ്യോതിഷത്തിലേയും നക്ഷത്രദേവതകൾ ഒന്നുതന്നെയാണ്. യാജുഷജ്യോതിഷത്തിലെ 36-ാം ശ്ലോകം ഉഗ്രനക്ഷത്രങ്ങളെക്കുറിച്ചും ക്രൂരനക്ഷത്രങ്ങളെക്കുറിച്ചും പറയുന്നുണ്ട്. ഇന്നും വിവാഹാദി സത്കർമ്മങ്ങൾക്ക് ഈ നക്ഷത്രങ്ങൾ ഒഴിവാക്കാറുണ്ട്. അതുപോലെ നക്ഷത്രങ്ങളെ ദേവനക്ഷത്രങ്ങളെന്നും യമനക്ഷത്രങ്ങളെന്നും തരംതിരിക്കുന്ന സമ്പ്രദായം ഇന്നുണ്ട്. കാർത്തിക മുതൽ വടക്കുഭാഗത്തു കാണുന്ന 13 നക്ഷത്രങ്ങളാണ് ദേവനക്ഷത്രങ്ങൾ. വിശാഖം മുതൽ കാർത്തികവരെയുള്ള നക്ഷത്രങ്ങൾ തെക്കുഭാഗത്തായിരുന്നതിനാൽ അവയെ യമനക്ഷത്ര

ങ്ങൾ എന്നും വിളിക്കുന്നു. ഈ വിഭജനവും വേദാംഗജ്യോതിഷത്തിന്റെ സംഭാവനയാണ്.

ഇങ്ങനെ നോക്കുമ്പോൾ ഇന്ന് വളരെ വികസിച്ചിരിക്കുന്ന ഫലജ്യോതിഷത്തിന്റെയും ഗ്രഹഗണിത പദ്ധതികളുടെയും അടിസ്ഥാനമായി വേദാംഗജ്യോതിഷത്തെ കണക്കാക്കാം. യവന-ബൗദ്ധ സ്വാധീനം ഭാരതീയജ്യോതിഷത്തിൽ കടന്നുവരുന്നത് വേദാംഗജ്യോതിഷത്തിനു ശേഷമാണ്. അതിനാൽ വേദാംഗജ്യോതിഷത്തെ ശുദ്ധമായ ഭാരതീയ ഗണിത-ജ്യോതിഷ പാരമ്പര്യത്തിന്റെ പ്രതിനിധാനഗ്രന്ഥമായി കണക്കാക്കാം. ◆

# തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം - 5

സി.എം. കൃഷ്ണനുണ്ണി

(കഴിഞ്ഞ ലക്കം തുടർച്ച)

**ഷഡ്കർമ്മങ്ങൾ**

പ്രപഞ്ചം വ്യക്തിയെ സ്വാധീനിക്കുന്നു എന്നതുപോലെ വ്യക്തിക്ക് പ്രപഞ്ചത്തെയും സ്വാധീനിക്കുവാനും നിയന്ത്രിക്കുവാനും കഴിയും. കാരണം, പ്രപഞ്ച ശരീരത്തിന്റെ ചുരുങ്ങിയ പതിപ്പാണ് മനുഷ്യശരീരം എന്നതുതന്നെ. മനുഷ്യശരീരത്തിന്റെ രഹസ്യം മനസ്സിലാക്കിയാൽ പ്രപഞ്ചരഹസ്യവും അറിയുവാൻ കഴിയുമെന്നതാണ് താന്ത്രികന്റെ കാഴ്ചപ്പാട്. വികൽപ്പങ്ങളില്ലാത്ത മാനസികാവസ്ഥയിൽ പരമബോധവുമായി സ്വബോധത്തെ സമരസപ്പെടുത്തിയാൽ പരമാനന്ദം അനുഭവിക്കുവാനും ആഗ്രഹസിദ്ധി വരുത്തുവാനും സാധിക്കുമെന്ന് അവൻ വളരെ മുമ്പുതന്നെ കണ്ടെത്തിയിരുന്നതാണ്. ചില ബാഹ്യചേഷ്ടകളും ആന്തരികചേഷ്ടകളും ആവശ്യാനുസരണം ഉപയോഗിച്ചാണ് അവൻ സ്വബോധത്തെ പരമബോധവുമായി ഇണക്കിപ്പോന്നത്. അവ പില്ക്കാലത്ത് താന്ത്രികകർമ്മാനുഷ്ഠാനങ്ങളായിത്തീർന്നു.

ബാഹ്യമായ ഈ കർമ്മാനുഷ്ഠാനങ്ങളാണ് എല്ലാം എന്നു കരുതുന്നിടത്താണ് തെറ്റുപറ്റുക. കയ്യുയർത്തിയാൽ മാങ്ങ പറിക്കാമെന്ന് എല്ലായ്പ്പോഴും കരുതുന്നതുപോലെ മൂഢത്വമാവും അത്. മാങ്ങ കായ്ക്കുന്ന കാലത്ത് തൈമാവിൻ ചുവട്ടിൽനിന്ന് സാമാന്യം പൊക്കമുള്ള ആൾ കയ്യുർത്തി പറിച്ചാലേ മാങ്ങ കിട്ടൂ. കാലവും നേരവും മറ്റു പല

ഘടകങ്ങളും ചേരുമ്പോൾ മാത്രമേ ആചരണം ഫലത്തിൽ കലാശി ക്കുകയുള്ളൂവെന്ന് സാരം.

കേവല മനുഷ്യനെയാണ് തന്ത്രം കണക്കിലെടുക്കുന്നത്. പച്ച യായ ജീവിതത്തിന്റെ ഒരു ഭാഗത്തെയും തന്ത്രം അകറ്റിനിർത്തുന്നി ല്ല. സാമൂഹ്യമായ സഹവർത്തിത്വ ശ്രമങ്ങളേക്കാൾ വ്യക്തിപരമായ ശ്രമങ്ങൾക്കാണ് (സാധനയ്ക്കും ക്രിയകൾക്കുമാണ്) തന്ത്രം പ്രാമുഖ്യം കല്പിക്കുന്നത്. വേദപ്രോക്തങ്ങളായ യാഗങ്ങൾക്ക് പല വിഭാഗം മ നുഷ്യരുടെയും ഒട്ടേറെതരം ഭൗതികഘടകങ്ങളുടെയും വിഭവങ്ങളുടെ യും ഒത്തുചേരൽ ആവശ്യമാണല്ലോ. എന്നാൽ താന്ത്രിക ക്രിയകൾ ക്ക് കൂട്ടായ്മ അത്യാവശ്യമല്ല. തന്നിലെ സൂക്ഷ്മശക്തികളെ ഉണർത്തി, സ്വയം പ്രപഞ്ചശക്തികേന്ദ്രവുമായി സാത്മ്യം പ്രാപിച്ചുകൊണ്ട് ശ്രേ യസ്സോ പ്രേയസ്സോ നിശ്രേയസ്സോ ഉദ്ദേശ്യംപോലെ നേടുവാനുള്ള പരിശ്രമം ഒറ്റയ്ക്ക് നടത്തുവാനാണ് താന്ത്രികന് താല്പര്യം. ബാഹ്യ ഇ ടപെടൽ തടസ്സമായിപ്പോലും അവൻ കാണുന്നു.

കൽക്കത്ത ഹൈക്കോടതിയിലെ ജസ്റ്റിസ് ആയിരുന്ന സർ ജോൺവുഡ് റോഫ് തന്റെ കീഴ്ജീവനക്കാരനായ താന്ത്രികന്റെ താന്ത്രികോപാസന വളരെ മാറിനിന്നാണ് നോക്കിക്കണ്ടിരുന്നത്. തന്റെ ഉപാസനാ സ്ഥലത്ത് തന്റെ മേലുദ്യോഗസ്ഥനെ ആ കീഴ്ജീ വനക്കാരൻ കടത്തിയില്ല.

മോക്ഷത്തിന് മാത്രമല്ല മനുഷ്യന്റെ മറ്റ് ആഗ്രഹങ്ങൾക്കും ത ന്ത്രശാസ്ത്രം അർഹമായ പ്രസക്തിയും പ്രാധാന്യവും നല്കുന്നു. വിശക്കു ന്നവനെ സംബന്ധിച്ചിടത്തോളം പെട്ടെന്ന് ആവശ്യമായ മോചനം വിശപ്പിൽനിന്നാണല്ലോ. സന്താനഭാഗ്യമില്ലാത്തവന് സന്താനമു ണ്ടാവലാണ് മോക്ഷം. ശത്രുപീഡ അനുഭവിക്കുന്നവന് ശത്രുനാശ മോ ഉച്ചാടനമോ ആയിരിക്കും മോക്ഷം. ഏതു തരക്കാരന്റെയും ഉടൻ മോക്ഷങ്ങൾക്കുള്ള ഉപായങ്ങൾ തന്ത്രം നിർദ്ദേശിക്കുന്നു. ശാന്തി, വശ്യം, ഉച്ചാടനം, സ്തംഭനം, വിദ്വേഷണം, മാരണം എന്നീ ഷഡ്കർ മ്മങ്ങൾ പരമമായ മോക്ഷത്തെ ഉദ്ദേശിച്ച് എന്നപോലെ അതത് ദുരിതാവസ്ഥകളിൽനിന്നുള്ള മോചനത്തിനുംകൂടിവേണ്ടി പ്രയോഗി ക്കാവുന്നതരത്തിൽ ആവിഷ്കരിക്കപ്പെട്ടവയാണ്.

ദേവതാസംബന്ധിയായ ഉപദ്രവങ്ങളെ ശമിപ്പിക്കുവാനുള്ളതാ ണ് ശാന്തികർമ്മം. മറ്റുള്ള മനുഷ്യരെയോ ദേവതകളെയോ ജീവി കളെയോ വശീകരിക്കുവാനോ ആകർഷിക്കുവാനോ സ്വാധീനിക്കു വാനോ ഉദ്ദേശിച്ചുള്ളത് വശ്യകർമ്മം. അഹിതമായ പ്രവർത്തികൾ തടയുന്നത് സ്തംഭനക്രിയ. അഹിതകാരികളുടെ ഇടയിൽ ഛിദ്രവാ

സന വളർത്തി സ്വയം രക്ഷനേടാൻ ശ്രമിക്കുന്നത് വിദ്വേഷണം. തനിക്ക് ഉപദ്രവമേൽക്കാൻ ഇടയില്ലാത്ത സ്ഥാനത്തേയ്ക്ക് എതിർ ശക്തികളെ നീക്കിനിർത്തുന്നത് ഉച്ചാടനം. എതിർശക്തികളെ മന്ത്ര ശക്തി ഉപയോഗിച്ച് നിഹനിക്കുന്നത് മാരണം. ഒരേ മന്ത്രംതന്നെ പ്രയോഗവൈവിദ്ധ്യത്താൽ ഈ ആറ് കർമ്മങ്ങൾക്കും ഉപയോഗ പ്പെടുത്തുവാൻ കഴിയും. മന്ത്രശാസ്ത്രവും തന്ത്രശാസ്ത്രവും പിടിയില്ലാത്ത ആളുകളും തങ്ങളുടെ ജീവിതയാത്ര ലക്ഷ്യങ്ങളെ നേടിയെടുക്കുന്നത് ഈ ആറ് പ്രവർത്തികളിലൂടെയാണെന്ന് അല്പം ആലോചിച്ചാൽ മ നസ്സിലാവും.

ഒരു കുട്ടി ശാഠ്യം പിടിക്കുമ്പോൾ അവനെ നാം അനുനയിപ്പി ക്കുവാൻ ശ്രമിക്കാറില്ലേ? അത് ശാന്തികർമ്മത്തിന്റെ ഗണത്തിൽ പെടും. കുട്ടിയെ മരുന്ന് സേവിപ്പിക്കാനും ഭക്ഷണം കഴിപ്പിക്കുവാനും മറ്റും കഥപറഞ്ഞുകൊടുത്തും മിഠായി നല്കിയും ആകർഷിക്കുന്ന പ തിവുമുണ്ട്. അത് വശ്യം. കുട്ടി അപകടം പിടിച്ച കാര്യങ്ങൾക്ക് തു നിയുമ്പോൾ വിലക്കുന്നത് സ്തംഭനം. ചീത്ത കൂട്ടുകെട്ടുകളിൽനിന്ന് കുട്ടിയെ രക്ഷിക്കാൻ നാം പലപ്പോഴും വിദ്വേഷണവും പയറ്റാറുണ്ട്. കുട്ടിക്ക് കയ്യെത്താത്ത ഇടത്ത് കീടനാശിനിയും കത്തിയും പൊട്ടി പ്പോകുന്ന വസ്തുക്കളും മാറ്റി വെയ്ക്കുന്നതിനെ ഉച്ചാടനമായി കാണാം. വാക്സിനേഷനും കുത്തിവെപ്പുകളും കുഞ്ഞിന് സമയാസമയങ്ങളിൽ നല്കുന്നത് രോഗാണുക്കളെ കുഞ്ഞിന്റെ ശരീരത്തിൽ മാരണം ചെയ്യു വാൻ വേണ്ടിയാണല്ലോ. ഷഡ്കർമ്മങ്ങൾ കൂടാതെ സാധാരണ ജീ വിതംപോലും സാദ്ധ്യമല്ലായെന്നു സൂചിപ്പിക്കുവാനാണ് കുഞ്ഞിന്റെ ഉദാഹരണത്തിലൂടെ ഇവിടെ ശ്രമിച്ചിരിക്കുന്നത്. ഷഡ്കർമ്മങ്ങളെ മോശമായി കണക്കാക്കുവാനുള്ള ഒരു പ്രവണത സമൂഹത്തിൽ കാ ണുന്നതിനുള്ള ഉത്തരംകൂടിയാണ് ഇവിടെ കുറിച്ചിരിക്കുന്നത്.

(തുടരും)

# മാതൃസങ്കല്പവും മഹത്വവും -1

പറവൂർ ജ്യോതിസ്സ്

ഭാരത പൈതൃകത്തിന്റെ ആധാരശിലയാണ് നമ്മുടെ മാതൃസ ങ്കല്പം. മാതൃചേതനയുടെ പ്രസക്തി കണക്കിലെടുത്തുകൊണ്ടുതന്നെ യാണ് ഉപനിഷത് ഋഷി 'മാതൃദേവോ ഭവ' എന്ന മഹത്‌വാക്യം നമു ക്ക് നല്കിയത്. മനുഷ്യമനസ്സിനെ സദാ ക്ലേശിപ്പിച്ചുകൊണ്ടിരിക്കുന്ന

ദ്വൈതഭാവങ്ങളെയും, അതിൽനിന്ന് ഉദ്ഭൂതമാകുന്ന വിവിധ ഭേദചിന്തകളെയും മറികടന്ന് ഏകാത്മഭാവത്തിലേയ്ക്ക് മനസ്സിനെ നയിക്കുവാൻ അദ്വൈതസത്യത്തിന് മാത്രമേ സാധിക്കൂ. ഈ അദ്വൈത സത്യത്തെ ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള ഒരു ഉപാധിയാണ് മാതൃസങ്കല്പം. മാതൃചേതനയിൽക്കൂടി ബന്ധങ്ങൾ സൃഷ്ടിച്ചും ദൃഢീകരിച്ചും വിപുലീകരിച്ചുംകൊണ്ടാണ് പ്രകൃതിയിലെ പാരസ്പര്യം നിലനിർത്തിവരുന്നത്. ഈ പാരസ്പര്യത്തിന്റെ സുപ്രധാനമായ ആദ്യ കണ്ണിയാണ് കുടുംബം. കുടുംബത്തിന് അർത്ഥം കൊടുക്കുന്നതും കുടുംബം ഭദ്രമായി കാത്തുസൂക്ഷിക്കുന്നതും നിലനിർത്തുന്നതും അമ്മതന്നെ. അമ്മയുടെ കൈവശമിരിക്കുന്ന സ്നേഹവും ഭക്തിയും ത്യാഗവും സേവനമനസ്സുമാണ് കുടുംബപാരസ്പര്യത്തിന് അടിസ്ഥാനം. മാതൃസ്നേഹത്തിന്റെ കാന്തികശക്തിയിൽക്കൂടിയാണ് കുഞ്ഞുങ്ങൾ പരിപോഷിക്കപ്പെടുന്നത്. 'എന്റെ' എന്ന ഭാവത്തിനുപകരം 'നമ്മുടെ' എന്ന വികസിതഭാവം ഓരോ മാതാവിലും ഉണരുന്നു. മാനവനിർമ്മാണത്തിന്റെ പ്രാഥമിക പാഠങ്ങളും ഉപരിപാഠങ്ങളും ഓരോ സ്ത്രീയിലും നൈസർഗികമായി ഒളിഞ്ഞു കിടക്കുന്നുണ്ട്. പ്രസവാനന്തരം എല്ലാ അമ്മമാരിലും ഈ കഴിവുകൾ സ്വയം പ്രകാശിതമാവുന്നു.

എന്നാൽ അദ്ധ്യാത്മിക ചേതനയും അദ്വൈതഭാവവും ഉൾക്കൊള്ളുന്ന അമ്മമാരിൽ മാത്രമേ ഈ കഴിവുകളുടെ പൂർണ്ണാവിഷ്കരണം സംഭവിക്കുന്നുള്ളൂ. അപ്പോൾ മാത്രമേ അമ്മ ഒരു ശരിയായ മാനവനിർമ്മാണ ശില്പി ആകുന്നുള്ളൂ. നല്ല ഒരു ശില്പി ശിലയിൽനിന്ന് അനാവശ്യഭാഗങ്ങളെ നീക്കിയതിനുശേഷം മനോഹരമായ ഒരു ശില്പം ഉണ്ടാക്കുന്നതുപോലെ വികസിതമാതൃത്വത്തിന്റെ ഉടമയായ ഒരമ്മയ്ക്ക് തന്റെ മക്കളുടെ സ്വഭാവനിർമ്മാണത്തിൽ കാര്യമായ പങ്കുവഹിക്കുവാൻ സാധിക്കും. തന്റെ മക്കളുടെ ശാരീരികമായ വളർച്ചയ്ക്കും മാനസികമായ വികാസത്തിനും തടസ്സമായതെല്ലാം മാറ്റിക്കളഞ്ഞ് അവരുടെ ജീവിതത്തിൽ അവരെ നല്ലൊരു വ്യക്തിത്വത്തിന്റെ ഉടമകളാക്കുവാൻ ഒരമ്മയ്ക്ക് സാധിക്കുന്നു. ഇത്രയും ഉദാത്തമായ മാതൃഭാവത്തെ ഉൾക്കൊള്ളുവാൻ ഏതു സാധാരണ സ്ത്രീക്കും സാധിക്കുമെന്നാണ് പുരാണേതിഹാസങ്ങൾ ഉദാഹരണസഹിതം ഉദ്ഘോഷിക്കുന്നത്. ആപേക്ഷികസത്യങ്ങളായി നാം പ്രകൃതിയിൽ കണ്ടറിഞ്ഞ് ആദരിക്കുന്ന സത്യങ്ങളുടെ മുൻപന്തിയിൽനില്ക്കുന്ന പ്രതിഭാസമാണ് മാതൃത്വം. അതുകൊണ്ടുതന്നെയാണ് മാതാവിനെ അദ്വൈത സത്യത്തിന്റെ പ്രകടിതരൂപമായി കവികൾ കാണുന്നത്.

'മകന്റെ നന്മയ്ക്കെപ്പോഴും ഏകാഗ്രചിത്തയായ്

യജ്ഞം ശ്രേഷ്ഠമനുഷ്ഠിപ്പൂ ജനനീ കർമ്മയോഗിനീ
താനും മകനും ഒന്നായിതന്നെയാണവൾ കാണ്മത്
അദ്വൈതത്തിൻ മഹാതത്ത്വം ആദ്യം ബോധിച്ചതമ്മയാം.'

മറ്റുള്ളവർ കഷ്ടപ്പെട്ട് തപസ്സുചെയ്ത് അദ്വൈതത്തെ സാക്ഷാൽക്കരിക്കുമ്പോൾ ഒരു സാധാരണ സ്ത്രീ മാതൃത്വത്തിന്റെ പടികയറുന്നതോടെ അദ്വൈതസാക്ഷാത്ക്കാരം അവൾക്ക് ഒരു വരദാനമായി ലഭിക്കുന്നു. അമ്മയും കുട്ടിയും തമ്മിലുള്ള ഈ പാരസ്പര്യമാണ് ഒരമ്മയെ മറ്റു ബന്ധങ്ങളിൽനിന്നും വ്യത്യസ്തമാക്കി, പരിപാവനവും പൂർണ്ണവുമാക്കി മാറ്റുന്നത്.

ഈ പ്രപഞ്ചത്തിലെ ഏറ്റവും വിശിഷ്ടമായ ബന്ധം എന്ത് എന്ന ചോദ്യത്തിന് അമ്മ-മക്കൾ ബന്ധം എന്നതിലുപരി മറ്റൊരുത്തരമുണ്ടാകുകയില്ല. സ്വന്തം ശരീരത്തിൽ പ്രാണനും അന്നവും പകർന്നുകൊടുത്ത് ഒരു ജീവനെ വളർത്തിയെടുക്കുവാൻ ഒരമ്മയ്ക്കല്ലാതെ മറ്റാർക്കാണ് കഴിയുക? അന്നവും പ്രാണനും നല്കി ജീവിതകാലം മുഴുവനും നമ്മെ ഊട്ടിവളർത്തി, ഒടുവിൽ ജീവൻ വെടിയുമ്പോൾ അല്പം ചാരമായി ശരീരത്തെ ഏറ്റുവാങ്ങുന്ന പഞ്ചഭൂതാത്മകമായ പ്രകൃതിതന്നെ സർവ്വചരാചരങ്ങളുടെയും അമ്മ. ആ അമ്മയുടെ മഹത്വം വാഴ്ത്തുവാൻ സാക്ഷാൽ അനന്തനുപോലും സാദ്ധ്യമല്ല എന്നതാണ് സത്യം. തന്നിൽ വീഴുന്ന ഏതൊരു വിത്തിനേയും വളർത്തി വലുതാക്കി, ഒടുവിൽ തന്നിലേയ്ക്കുതന്നെ ലയിപ്പിക്കുന്ന ഭൂമിയേയും മൃഗങ്ങളിൽവെച്ച് പശുവിനേയും മാതാവായി ഹിന്ദുധർമ്മശാസ്ത്രം അംഗീകരിക്കുന്നു. അമ്മയെ ആദരിക്കുന്ന ഭാരതീയരായ നാം ഭാരതത്തെ ഭാരതമാതാവെന്നും ഭഗവത്ഗീതയെ ഗീതാമാതാവെന്നും ഭൂമിയെ ഭൂമീദേവിയെന്നും ഗംഗാനദിയെ ഗംഗാദേവിയെന്നും സംബോധന ചെയ്യുന്നു. സ്വന്തം മാതാവ്, ഗുരുപത്നി, ബ്രാഹ്മണപത്നി, രാജപത്നി, പശു, വളർത്തമ്മ, ഭൂമി എന്നീ ഏഴുപേരെ മാതാക്കളായി 'സപ്തമാതൃസങ്കല്പ'ത്തിൽ ഗണിക്കപ്പെടുന്നു.

ആദൗ മാതാ ഗുരോഃ പത്നീ
ബ്രാഹ്മണീ രാജപത്നികാ
ഗാവോ ധാത്രീ തഥാ പൃഥ്വീ
സപ്തൈതാഃ മാതരഃ സ്മൃതാഃ

തന്ത്രശാസ്ത്രപ്രകാരമുള്ള സപ്തമാതൃസങ്കല്പത്തിൽ ഏഴു ദേവിമാർ ഇപ്രകാരമാകുന്നു.

ബ്രാഹ്മീ മാഹേശ്വരീ ചൈവ
കൗമാരീ വൈഷ്ണവീ തഥാ

വാരാഹീ ചൈവ മാഹേന്ദ്രീ
ചാമുണ്ഡാ സപ്തമാതരഃ

എന്നാൽ 'പഞ്ചമാതൃസങ്കല്പ'ത്തിൽ ഗുരുവിന്റെ ഭാര്യ, രാജാവിന്റെ ഭാര്യ, ജ്യേഷ്ഠന്റെ ഭാര്യ, ഭാര്യയുടെ മാതാവ്, സ്വന്തം മാതാവ് എന്നീ അഞ്ച് അമ്മമാരെയാണ് ഗണിക്കപ്പെടുന്നത്.

ഗുരുപത്നീ രാജപത്നീ
ജ്യേഷ്ഠപത്നീ തഥൈവ ച
പത്നീമാതാ സ്വമാതാ ച
പഞ്ചൈതാഃ മാതരഃ സ്മൃതാഃ

സത്യധർമ്മാദികൾ മുറുകെ പിടിക്കുന്ന ഭാരതീയ സംസ്കാരം മുഴുവനും ഇതിഹാസ പുരാണങ്ങളിൽനിന്നും ഉരുത്തിരിഞ്ഞു വന്നതാണ്.

ആദിമകാലം മുതല്ക്കേതന്നെ നമ്മുടെ ഋഷീശ്വരന്മാർ മാതൃസങ്കല്പത്തെയും മഹത്ത്വത്തെയും കുറിച്ച് ചിന്തിച്ചിട്ടുണ്ട്. സ്മൃതികളിലും പുരാണങ്ങളിലും ചിതറിക്കിടക്കുന്ന അത്തരം ഏതാനും മൊഴിമുത്തുകളെ നമുക്കൊന്ന് പരിശോധിക്കാം.

ബ്രഹ്മവൈവർത്തപുരാണം 15-ാം അദ്ധ്യായം കാർത്തികേയ സംവാദത്തിൽ ഷോഡശ (16) മാതൃസങ്കല്പം ഇപ്രകാരം കാണുന്നു.

മുലയൂട്ടുന്നവൾ, ഗർഭംധരിക്കുന്നവൾ, ഭക്ഷണം തരുന്നവൾ, ഗുരുവിന്റെ ഭാര്യ, ഇഷ്ടദേവന്റെ ഭാര്യ, അച്ഛന്റെ രണ്ടാമത്തെ ഭാര്യ, വിവാഹം കഴിക്കാത്തവൾ, സഹോദരി, പുത്രന്റെ ഭാര്യ, ഭാര്യയുടെ അമ്മ, അമ്മയുടെ അമ്മ, അച്ഛന്റെ അമ്മ, സഹോദരന്റെ ഭാര്യ, അമ്മയുടെ സഹോദരി, അച്ഛന്റെ സഹോദരി, അമ്മാവന്റെ ഭാര്യ ഈ പതിനാറുപേരെ ഷോഡശമാതൃക്കൾ എന്ന് വേദത്തിൽ വിധിച്ചിരിക്കുന്നു. ഇതാണ് 'ഷോഡശമാതൃ സങ്കല്പം'.

സ്തനദാത്രീ, ഗർഭധാത്രീ, ഭക്ഷദാത്രീ, ഗുരുപ്രിയാ
അഭീഷ്ടദേവപത്നീ ച, പിതുഃ പത്നീ, ച കന്യകാ
സഗർഭജാ യാ ഭഗിനീ, പുത്രപത്നീ, പ്രിയാപ്രസൂഃ
മാതുർമാതാ, പിതുർമാതാ, സോദരസ്യ പ്രിയാ തഥാ
മാതുഃ പിതുശ്ച ഭഗിനീ, മാതുലാനീ, തഥൈവ ച
ജനാനാം വേദവിഹിതാ മാതരഃ ഷോഡശ സ്മൃതാഃ
-ബ്രഹ്മവൈവർത്തപുരാണം.

പൂജാർത്ഥത്തിൽ വർത്തിക്കുന്ന 'മാന്' ധാതുവിനോടുകൂടി 'തൃച' പ്രത്യയം ചേർക്കുമ്പോൾ 'മാതാ' വെന്ന ശബ്ദം ലഭിക്കുന്നു. ജനിഃ,

ജനീഃ, ജനനീ, ജനിത്രീ, ജനയിത്രീ, അംബാ, അംബികാ, അംബാലികാ, പ്രസൂഃ ധാത്രീ, ശുശ്രൂഃ എന്നിവ 'മാതൃ' ശബ്ദത്തിന്റെ പര്യായങ്ങളായി കാണുന്നു.

അമ്മ സ്വന്തം കുക്ഷിയിൽ (ഉദരത്തിൽ) ഗർഭത്തെ ധരിക്കുന്നതുകൊണ്ടും പ്രസവാനന്തരം മുലപ്പാൽ തരുന്നതുകൊണ്ടും അമ്മയെ 'ധാത്രീ' എന്നു വിളിക്കുന്നു.

(ദധാതി ഗർഭം ധരതി, ധീയതെ സ്തനദുഗ്ധം പീയതെച). ജനിപ്പിക്കുക എന്ന ക്രിയ ചെയ്യുന്നതുകൊണ്ട് അമ്മയെ ജനനീ എന്നു വിളിക്കുന്നു. (ജനയതി ഇതി ജനനീ).

ഗർഭത്തിനകത്തുവെച്ച് ആരോഗ്യത്തെ കൊടുക്കുന്നതുകൊണ്ടും വംശപരമ്പരയെ ഉത്ഭവിപ്പിക്കുന്നതുകൊണ്ടും അമ്മയെ ജനിഃ എന്നും ജനീഃ എന്നും വിളിക്കുന്നു.

(അനയാ ആരോഗ്യം ജായതെ അസ്യാം വംശം ഉത്ഭതെ ഇതി ച). ഓരോ അവയവത്തെയും ഉറ്റുവളർത്തുന്നതുകൊണ്ടും സ്നേഹമസൃണമായ ശബ്ദത്താൽ അറിവ് തരുന്നതുകൊണ്ടും അമ്മയെ അംബാ (അംബ്യതെ ശബ്ദ്യതെ സ്നേഹേന ഉപഗമ്യതെ ച) വീരപുത്രനെ പ്രസവിക്കുന്നതുകൊണ്ട് വീരസൂ എന്നും ശൈശവത്തിൽ ശുശ്രൂഷിക്കുന്നതുകൊണ്ട് ശ്രൂശ്രൂഃ എന്നും അമ്മയെ വിളിക്കുന്നു.

കുക്ഷിസന്ധാരണാത് ധാത്രീ
ജനനാത് ജനനീ സ്മൃതാ.
അംഗാനാം വർദ്ധനാദംബാ
വീരസൂത്വേന വീരസൂഃ
ശിശോഃ ശ്രൂശ്രൂഷണാത് ശ്രൂശ്രൂഃ
മാതാ ദേഹമനന്തരം.

-മഹാഭാരതം, ശാന്തിപർവ്വം 266, 32, 33 ശ്ലോകങ്ങൾ

മഹാഭാരതത്തിൽ മാതൃപിതൃഗുരുമാഹാത്മ്യം പറയുന്ന സന്ദർഭത്തിൽ ഇങ്ങനെ കാണുന്നു. അമ്മക്കു തുല്യമായി മറ്റൊരു തണലും ശരണവും ഇല്ല. അമ്മ, നേർവഴിക്ക് മക്കളെ കൊണ്ടുപോകുന്നപോലെ മറ്റാരും കൊണ്ടുപോകില്ല. അമ്മ രക്ഷിക്കുന്നതുപോലെ മറ്റാരും രക്ഷിക്കുന്നില്ല. അമ്മയ്ക്കു തുല്യം പ്രിയപ്പെട്ടവളായി മറ്റാരുമില്ല.

നാസ്തി മാതൃസമാ ഛായാ
നാസ്തി മാതൃസമാ ഗതിഃ
നാസ്തി മാതൃസമം ത്രാണം
നാസ്തി മാതൃസമാ പ്രിയാ.

-ശാന്തിപർവ്വം 266, 31-ാം ശ്ലോകം

സ്വാമി വിവേകാനന്ദൻ ഈ ശ്ലോകത്തെ ഉദ്ധരിച്ചുകൊണ്ട് അമ്മയെപ്പറ്റി ഇപ്രകാരം പറയുന്നു : 'മാതൃപദമാണ് ലോകത്തിലേയ്ക്ക് അത്യുച്ചമായത്, എന്തുകൊണ്ടെന്നാൽ അതത്രേ ഏറ്റവും കൂടിയ നിസ്വാർത്ഥത അഭ്യസിക്കാനും പ്രയോഗിക്കുവാനുമുള്ള ഏകസ്ഥാനം. ഒരമ്മയുടെ പ്രേമത്തേക്കാൾ ഉപരിയായിട്ടുള്ളത് ഈശ്വരന്റെ പ്രേമം ഒന്നുമാത്രമേയുള്ളു. മറ്റു പ്രേമങ്ങളെല്ലാം അതിനു താഴെ നില്ക്കും. മക്കളുടെ കാര്യം ആദ്യം ചിന്തിച്ചിട്ട് പിന്നീടുമാത്രം സ്വന്തം കാര്യം ചിന്തിക്കുക എന്നത് ഒരമ്മയുടെ ധർമ്മമാകുന്നു. അങ്ങനെയല്ലാതെ സ്വന്തം കാര്യം ആദ്യം ആലോചിച്ചാൽ, അമ്മ-മക്കൾ ബന്ധം പക്ഷികളും പക്ഷിക്കുഞ്ഞുങ്ങളും തമ്മിലുള്ള ബന്ധംപോലെയായിത്തീരും. ചിറകു മുളച്ചുകഴിഞ്ഞാൽ പിന്നീട് പക്ഷിക്കുഞ്ഞുങ്ങൾ അവയുടെ മാതാപിതാക്കളെ അറിയുന്നില്ല.'

വിവേകാന്ദസാഹിത്യസർവ്വസ്വം - കർമ്മയോഗം പേജ് 66

മാതാവിന്റെ മഹത്വത്തെ മഹാഭാരതത്തിൽ ഭീഷ്മർ ഇപ്രകാരം ഉപദേശിക്കുന്നു.

പത്ത് ആചാര്യന്മാരേക്കാൾ ഉപരിയാണ് ഉപാദ്ധ്യായൻ. പത്തു ഉപാദ്ധ്യായന്മാരേക്കാൾ ഉപരി പിതാവ്. പത്തു പിതാക്കന്മാരേക്കാൾ ഉപരിയാണ് മാതാവ്. ഭൂമിദേവിപോലും മഹത്വത്തിൽ മാതാവിനു തുല്യമല്ല. മാതാവിനു സമം മറ്റൊരു ഗുരുസ്ഥാനീയരുമില്ല.

'ദശാചാര്യാദുപാദ്ധ്യായഃ
ഉപാദ്ധ്യായാത് പിതാ ദശ.
ദശ ചൈവ പിതൄൻ മാതാ
സർവ്വാൻ വാ പൃഥിവീമപി.'

മാതാവിൽ കവിഞ്ഞ് ഒരു ആശ്രയസ്ഥാനം വേറെ ഇല്ല എന്ന ഭീഷ്മോപദേശം ഇപ്രകാരമാണ്.

ദാനത്തേക്കാൾ ദുഷ്ക്കരമായൊരു ധർമ്മമില്ല. മാതാവിലും വലിയ ഒരു ആശ്രയസ്ഥാനം ഇല്ല. വേദജ്ഞാനത്തേക്കാൾ വലിയ അറിവില്ല. സന്യാസത്തേക്കാൾ ശ്രേഷ്ഠമായ തപസ്സുമില്ല.

'ന ദുഷ്ക്കരതരം ദാനാത്
നാതിമാതരമാശ്രയഃ
ത്രൈവിദ്യേഭ്യഃ പരം നാസ്തി
സന്യാസഃ പരമംതപഃ.'

ഏറ്റവും മഹത്വമുള്ളത് അമ്മയ്ക്കാണ്. അതുകൊണ്ട് എല്ലാവരും അമ്മയെ ഏറ്റവുമധികം ബഹുമാനിക്കുന്നുവെന്ന് വീണ്ടും ഭീഷ്മർ പറയുന്നു.

'മാതാ ഗരീയസീ യച്ച
തേനൈതാം മന്യതെ ജനഃ.'

മാതാവിന്റെ ഗൗരവത്തെപ്പറ്റി 'മനുസ്മൃതി'യിൽ ഇപ്രകാരം പറയുന്നു.

ഉപാദ്ധ്യായാത് ദശാചാര്യഃ
ആചാര്യാണാം ശതം പിതാ.
സഹസ്രം തു പിതൃൻ മാതാ
ഗൗരവേണാതിരിച്യതെ.

2-ാം അദ്ധ്യായം 145-ാം ശ്ലോകം.

വേദത്തിന്റെ ഏതെങ്കിലും ഭാഗമോ വ്യാകരണാദി വേദാംഗങ്ങളിൽ ഏതെങ്കിലുമോ ഉപജീവനാർത്ഥം പഠിപ്പിക്കുന്ന വ്യക്തിയെ ഉപാദ്ധ്യായൻ എന്നും ഇങ്ങനെയുള്ള പത്ത് ഉപാദ്ധ്യായന്മാരേക്കാൾ ശ്രേഷ്ഠത്വം, ഉപനയനം ഗായത്ര്യുപദേശം മുതലായവ ചെയ്യിപ്പിക്കുന്ന ആചാര്യനും ഇങ്ങനെയുള്ള നൂറ് ആചാര്യന്മാരേക്കാൾ ശ്രേഷ്ഠത്വം പിതാവിനും ആയിരം പിതാക്കന്മാരേക്കാൾ ഗൗരവം മാതാവിനും കല്പിച്ചിരിക്കുന്നു. ഇതിൽ 'ഗൗരവ' പദം പ്രയോഗിച്ചതുകൊണ്ട് ഗുരുത്വം, ഉത്ക്കർഷം എന്നിവ പിതാവിനേക്കാൾ ഉപരിയായി മാതാവിന് കല്പിക്കണം എന്നു കാണുന്നു.

(ഗുരോഃ ഭാവഃ ഗൗരവം, ഗുരുത്വം, ഉത്കർഷ ഇത്യർത്ഥഃ)

ബ്രഹ്മവൈവർത്തപുരാണം 40-ാം അദ്ധ്യായത്തിൽ മാതൃപിതൃതാരതമ്യവും മാതാവിന്റെ ഗൗരവവും പ്രതിപാദിക്കുന്നുണ്ട്. ജന്മദാനത്തിന് കാരണം പിതാവാകയാൽ 'ജനകൻ' എന്നും പാലിക്കുകയും രക്ഷിക്കുകയും ചെയ്യുന്നതുകൊണ്ട് 'പിതാ'വെന്നും (ജനി പ്രാദുർഭാവേ), (പാതി പാലനാത് ഇതി) പിതൃജനക പദങ്ങളുടെ അർത്ഥവ്യാപ്തി കാണുന്നു. (ജനകോ ജന്മദാതൃത്വാത് പാലനാച്ച പിതാ സ്മൃതഃ)

എന്നാൽ ഗർഭം ധരിക്കുന്നതുകൊണ്ടും ഗർഭത്തിൽവച്ച് പോഷിപ്പിക്കുന്നതുകൊണ്ടും മാതാവ് പൂജിക്കപ്പെടേണ്ടവളും ബഹുമാനിക്കപ്പെടേണ്ടവളും വന്ദിക്കപ്പെടേണ്ടവളും പിതാവിനേക്കാൾ നൂറു ഗുണം കൂടുതലുള്ളവളുമാകുന്നു.

തയോഃ ശതഗുണേ മാതാ
പൂജ്യാ മാന്യാ ച വന്ദിതാ
ഗർഭധാരണപോഷാഭ്യാം
സാ ച താഭ്യാം ഗരീയസീ.

ഗാരുഡപുരാണത്തിൽ മാതാവിന്റെ മഹത്വം ഇപ്രകാരമാകുന്നു. വേദം പഠിപ്പിക്കുന്ന ഗുരു, ഉപനയനാദി സംസ്കാരങ്ങൾ ചെയ്യുന്ന ആ

ചാര്യൻ, വേദത്തിന്റെ ഭാഗമോ, ബ്രാഹ്മണങ്ങളോ പഠിപ്പിക്കുന്ന ഉപാദ്ധ്യായൻ, യജ്ഞം ചെയ്യുന്ന ഋത്വിക് - ഇവരിൽ ആദ്യം പറഞ്ഞവർക്ക് പ്രാധാന്യമുണ്ടെന്നും ഇവരിൽ എല്ലാവരിലും വച്ച് മാതാവിന് ഗൗരവമുണ്ടെന്നും പറയുന്നു.

സഃ ഗുരുർ യഃ ക്രിയാഃ കൃത്വാ വേദമസ്മൈ പ്രയച്ഛതി
ഉപനീയ ദദദ്വേദം ആചാര്യഃ സഃ പ്രകീർത്തിതഃ
ഏകാദശ ഉപാദ്ധ്യായഃ ഋത്വിക് യജ്ഞകൃദുച്യതെ
ഏതേ മാന്യാ യഥാപൂർവ്വം ഏഭ്യോ മാതാ ഗരീയസീ.

-ഗാരുഡപുരാണം 94-ാം അദ്ധ്യായം

പതിതനായ പിതാവിനെ ഉപേക്ഷിക്കാം എന്നും, എന്നാൽ മാതാവാണെങ്കിൽ, അവൾ ഗർഭധാരണം, പോഷണം എന്നിവ ചെയ്യുതിനാൽ പതിതയാണെങ്കിൽപ്പോലും സൽപ്പുത്രനാൽ ഉപേക്ഷിക്കപ്പെടാൻ പാടില്ലായെന്നും വഹ്നിപുരാണത്തിൽ കാണുന്നു.

പിതാ ച പതിതസ്ത്യാജ്യോ
ന മാതാ സത്സുതേന ഹി
ഗർഭധാരണപോഷാത് ഹി
തതോ മാതാ ഗരീയസീ.

-വഹ്നീപുരാണം.

മാതാവിൽനിന്നും അന്യമായ ദൈവമില്ലാത്തതിനാൽ പുത്രന്മാരാൽ എല്ലായ്പ്പോഴും മാതാവ് പൂജനീയയാകുന്നു.

മാതൃതോ/ന്യോ ന ദേവോ/സ്തി
തസ്മാത് പൂജ്യാ സദാ സുതൈഃ

എല്ലാ അവസ്ഥകളിലും മാതാവ് രക്ഷിക്കപ്പെടണം എന്നും ഗുരുക്കന്മാരിൽ വച്ച് ഗൗരവം മാതാവിനാണെന്നും ചാണക്യൻ പ്രസ്താവിക്കുന്നുണ്ട്.

'സർവ്വാവസ്ഥാസു മാതാ ഭർത്തവ്യാ',
'ഗുരുണാം മാതാ ഗരീയസീ'

-നീതിസൂത്രം

(തുടരും)